ഡിജിറ്റൽ മാഗസിൻ

# തൂലിക

ഗവ .ഹയർസെക്കന്ററി
സ്കൂൾ ശൂരനാട്

# ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

## സ്കൂൾ അന്താരാഷ്ട്ര
## നിലവാരത്തിലേക്ക്...




ഉലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

# പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനവും അന്താരാഷ്ട്ര പ്രഖ്യാപനവും ഉടൻ....



ജ്വലിക

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



എച്ച്.എം.

റ്റി.വത്സലകുമാരി

### ആശംസ

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് e-മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷം ഉണ്ട് .മികവുറ്റ പ്രവർത്തനങ്ങൾ സ്കൂളിന് സംഭാവന ചെയ്ത ലിറ്റിൽ കൈറ്റ്സ് കുട്ടികളെ കുറിച്ച് അഭിമാനിക്കുകയും അതോടൊപ്പം സന്തോഷിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുള്ള വിവിധ പരിശീലന പ്രവർത്തനങ്ങളായ ഗ്രാഫിക്സ്&ആനിമേഷൻ,മലയാളം കമ്പ്യൂട്ടിംഗ് &ആൻഡ് ഇൻറർനെറ്റ് എന്നീ മേഖലകളിൽ കുട്ടികൾ മികവ് പുലർത്തി എന്നുള്ളതിന് തെളിവാണ് ഈ സംരംഭം എന്നതിൽ അഭിമാനമുണ്ട്.ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അതിന ചുക്കാൻ പിടിച്ച അധ്യാപകരായ വി ഗായത്രി, കെ ബി മണി എന്നിവർക്കും പ്രത്യേക അഭിനന്ദനങ്ങൾ .ശൂരനാട് ഗവൺമെൻറ് ഇൻറർനാഷണൽ സ്കൂളിൻെറ മികവാർന്ന അനവധി പ്രവർത്തനങ്ങളിൽ പൊൻകിരീടം ആകട്ടെ 'ലിറ്റിൽ കൈറ്റ്സ്'.

## ഗവ: ഹയർ സെക്കഡറി സ്കൂൾ ശൂരനാട്



ഗായത്രീദേവി.കെ
സീനിയർ അസിസ്റ്റന്റ്

### ആശംസ

ശൂരനാട് ഗവ.ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഇ-മാഗസിൻ തയ്യാറാക്കുന്നതിൽ വളരെയധികം അഭിമാനവും സന്തോഷവുമുണ്ട്. ലിറ്റിൽ കൈറ്റ്സിലെ എല്ലാ കുട്ടികൾക്കും ആശംസകൾ നേരുന്നു. ഇവരെ ഇതിന് പ്രാപ്തരാക്കിയ അധ്യാപകർ രമണി ടീച്ചർക്കും ഗായത്രി ടീച്ചർക്കും അഭിനന്ദനങ്ങൾ.

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



അനിൽകുമാർ
പി.ടി.എ പ്രസിഡന്റ്

### ആശംസ

വിവര സാങ്കേതിക വിദ്യയുടെ വിസ്മയ നേട്ടങ്ങളുടെ ഇക്കാലത്ത സർഗാത്മകതയും പ്രായോഗികതയും കൂട്ടിയിണക്കി യുള്ള പഠനപ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നമ്മുടെ സ്കൂളിൽ മികച്ച രീതിയിൽ നടക്കുന്നു എന്നതിൽ ഞാൻ ഏറെ അഭിമാനിക്കുന്നു. ഡിജിറ്റൽ മാഗസിന്റെ പ്രകാശനത്തിന് കുട്ടികളെ പ്രാപ്തരാക്കിയ അധ്യാപകർ, ഹെഡ്മിസ്ട്രസ് എന്നിവരെ അഭിനന്ദിക്കുന്നു. മികച്ച സൃഷ്ടികളും സാങ്കേതികവിദ്യയുടെ കൂടിച്ചേരലുംകൊണ്ട് മാഗസിൻ മികച്ചതാകട്ടെ എന്നാശംസിക്കുന്നു.

ഗവ: ഹയർ സെക്കഡറി സ്കൂൾ ശൂരനാട്



കൃഷ്ണകുമാർ
സ്റ്റാഫ് സെക്രട്ടറി

## ആശംസ

" തൂലിക" ശൂരനാട് ഗവ ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഒരുക്കുന്ന ഇ - മാഗസിൻ തൂലികക്ക് എല്ലാവിധമായ ആശംസകളും നേരുന്നു.

വിവര സാങ്കേതിക വിദ്യയുടെ വളർച്ചയോടെ വിജ്ഞാനം വിരൽത്തുമ്പിൽ എത്തി നിൽക്കുന്നു. വിജ്ഞാനം പകരുവാനും വിവര സാങ്കേതിക വിദ്യയുടെ വിശാലമായ മാർഗങ്ങൾ ഉപയോഗിച്ച് പുതിയ അറിവിൻെറ മേഖലകൾ തുറക്കുവാനും നമ്മുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ശ്രമിക്കുന്നു എന്നത് അഭിമാനകരമാണ്. കുട്ടികളുടെ സർഗ്ഗസൃഷ്ടികളുടെ വസന്തം തീർക്കുന്ന തൂലിക കൂടുതൽ വർണ്ണ ഭംഗി ഏകി ചലിക്കട്ടെ.

## ഗവ: ഹയർ സെക്കൻഡറി സ്കൂൾ ശൂരനാട്



**ശ്രീലക്ഷ്മി.ആർ.നായർ**
IX. ബി
**മാഗസിൻ എഡിറ്റർ**

ഇന്ന് വിവരവിനിമയ സാങ്കേതിക വിദ്യയുടെകാലമാണ്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങളാകാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നു.ഇന്നത്തെ തലമുറ വായനയ്ക്കായി ഇൻറർനെറ്റ് പോലുള്ള നവ മാധ്യമങ്ങളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ ഇ-മാഗസിൻറെ പ്രസക്തി ഉൾക്കൊണ്ടുകൊണ്ട് ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ "തൂലിക"എന്ന പേരിൽ ഇ - മാഗസിൻ തയ്യാറാക്കുകയാണ്. ലിറ്റിൽ കൈറ്റ്സ് ക്ലാസ്സുകളിൽ നിന്നും സ്വായത്തമാക്കിയ എളിയ അറിവുകൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ഈ മാഗസിനിൽ എന്തെങ്കിലും തെറ്റുകുറ്റങ്ങൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കണം എന്നും തുടർപ്രവർത്തനങ്ങളിൽ ഞങ്ങളോടൊപ്പം സഹകരിക്കണമെന്നും ഉള്ള അപേക്ഷയോടെ "തൂലിക" ഞങ്ങൾ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കട്ടെ......

തൂലിക

# ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## എഡിറ്റോറിയൽ ബോർഡ്






ശ്രീലക്ഷ്മി
IX. C

അഭിഷേക്
IX. E

അനൂപ്
IX. E

ജോയൽ
IX. E





കൃഷ്ണ
IX. A

നന്ദന
IX. A

റ്റി.എസ്.വത്സലകുമാരി
ഹെഡ് മിസ്ട്രസ്






മായാദേവി

കൃഷ്ണകുമാർ

രമണി

ഗായത്രി

തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

## സ്റ്റാഫ് ഫോട്ടോ



തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## 2018-2020



തൂലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## താളുകളിലൂടെ

* സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക്
* സ്കൂൾ അന്താരാഷ്ട്ര പ്രഖ്യാപനം
* ആശംസ - എച്ച്. എം
* ആശംസ - സീനിയർ അസിസ്റ്റന്റ്
* ആശംസ - പി. ടി. എ പ്രസിഡന്റ്
* ആശംസ - സ്റ്റാഫ് സെക്രട്ടറി
* മാഗസിൻ എഡിറ്ററുടെ
വാക്കുകളിലൂടെ
* എഡിറ്റോറിയൽ ബോർഡ്
* സ്റ്റാഫ് ഫോട്ടോ
* ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
* സ്കൂൾ ചരിത്രം
* സ്വപ്നം - കവിത
* കുസൃതി ചോദ്യം
* പഴശ്ശി തമ്പുരാൻ - ലേഖനം
* മഴ - കവിത
* അലീന , നിനക്ക് എന്റെ
കണ്ണീർപൂക്കൾ - കഥ

തൂലിക

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

* എന്റെ വിദ്യാലയം - എന്റെ ഓർമ്മകൾ

* കേരളം - കവിത

*Global warming - Essay

* സൈബർ കുറ്റകൃത്യങ്ങൾ - ലേഖനം

* യോഗ ശാസ്ത്രവും മനുഷ്യമനസ്സും - ലേഖനം

* കൊറോണ വൈറസ് - ലേഖനം

* മാതൃവാത്സല്യം - കവിത

* ശൂരനാട് വിപ്ലവം - ലേനം

* വിവരസാങ്കേതികവിദ് - ലേഖനം

* പ്ലാസ്റ്റിക് മാനുഷിക വിപത്ത് - ലേഖനം

* നമ്മുടെ വിദ്യാലയം - കവിത

തൂലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

* മാനവികതയുടെ തീർത്ഥം - ലേഖനം
* പാമ്പും തവളയും - കഥ
* പ്രകൃതി തന്ന പാഠം - ലേഖനം
* ഐടി ക്വിസ്
* സോഫി എന്ന പെൺകുട്ടി - കഥ
* അറിവിൻറെ പട്ടങ്ങൾ - കവിത
* വരയിലെ വിസ്മയങ്ങളിലൂടെ
* വിദ്യാലയത്തിൻെറ അഭിമാന നക്ഷത്രങ്ങൾ
* നന്ദി

ഗുളിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്



### സ്കൂൾ ചരിത്രം

വിജ്ഞാന ദാഹികളായ നാട്ടുകാരുടെ ശ്രമഫലമായി 1949 ജൂൺ മാസത്തിൽ ശ്രീ.വി. ഗോപാലപിള്ള നൽകിയ ഒരേക്കർ സ്ഥലത്ത് സ്ഥാപിതമായ ഇംഗ്ലീഷ് സ്കൂളാണ് ഇന്നത്തെ ഇന്നത്തെ ശൂരനാട് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ. സ്കൂൾ സ്ഥാപിക്കുന്നതിന് സർവ്വ ശ്രീ. മൂടിയിൽ തറ വി . മാസ്റ്റർ, കമ്പളത്ത് ശങ്കപിള്ള എന്നിവർ നൽകിയ പ്രോത്സാഹനം സ്മരണീയമാണ്.

തൂലിക

തെന്നില ബംഗ്ലാവിൽ ശ്രീ. എൻ. ഗോവിന്ദൻ പിള്ള ( പ്രസിഡന്റ്) കളത്തൂർ. വി. ഗോപാലപിള്ള( സെക്രട്ടറി) എന്നിവർ ഉൾപ്പെട്ട 15 അംഗ കമ്മറ്റിയാണ് സ്കൂളിന്റെ നേതൃത്വം വഹിച്ചിരുന്നത്. 1954 - ൽ സ്കൂളിൽ ആദ്യത്തെ എസ്എസ്എൽസി ബാച്ച് പരീക്ഷ എഴുതി. 1959 -ൽ വിദ്യാലയം സർക്കാർ ഏറ്റെടുത്തു. തിരക്കേറിയ റോഡിന് കിഴക്കുവശത്ത് ഹയർസെക്കൻഡറി, സ്കൂൾ ഓഫീസുകളും, പടിഞ്ഞാറ് വശത്ത് ഹൈസ്കൂൾ വിഭാഗം പ്രവർത്തിക്കുന്നു

ഗവ: ഹയർ സെക്കഡറി സ്കൂൾ ശൂരനാട്

## ഭൗതികസൗകര്യങ്ങൾ

മൂന്നേക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഹൈസ്കൂളിന് അഞ്ചു കെട്ടിടങ്ങൾ ആയി 30 ക്ലാസ് റൂമുകളും ഹയർസെക്കൻഡറി രണ്ട് കെട്ടിടങ്ങൾ ആയി 12 ക്ലാസ് മുറികളുമുണ്ട്.അതി വിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. യുപി ക്കും ഹൈസ്കൂളിന് ഹയർസെക്കൻഡറി ക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട് മൂന്ന് ലാബുകളിലുമായി ഏകദേശം 25 ഓളം ഡിസ്ക് ടോപ്പുകൾ, ലാപ്ടോപ്പുകൾ, പ്രൊജക്റ്ററുകളും ഉണ്ട്. ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യമുണ്ട്. ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കിയിരിക്കുന്നു. സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുകയാണ്. സ്കൂൾ കെട്ടിടങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

തൂലിക

# ഗവ: ഹയർ സെക്കഡറി സ്കൂൾ ശൂരനാട്

സർക്കാർ അധീനതയിൽ, കൊല്ലം ജില്ലാ പഞ്ചായത്തിൻെറ മേൽനോട്ടത്തിലാണ് ശൂരനാട് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ പ്രവർത്തിക്കുന്നത്. ഹൈസ്കൂൾ വിഭാഗത്തിൻെറ എച്ച് എം ശ്രീമതി ടി എസ് വത്സലകുമാരി ഹയർസെക്കൻഡറി വിഭാഗത്തിൻെറ പ്രിൻസിപ്പാൾ ശ്രീമതി സന്ധ്യ കുമാരിയും ആണ്. 40 അധ്യാപകരും 5 അനദ്ധ്യാപകരും ആണുള്ളത്.

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## പ്രശസ്തരായ പൂർവവിദ്യാർത്ഥികൾ

* ശ്രീ. എം. ഗംഗാധരക്കുറുപ്പ് - മുൻ പി. എസ്. സി ചെയർമാൻ

* ഡോ. സുജാതൻ, മുൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ

* ഡോ. അഭിലാഷ്, കാർഡിയോളജിസ്റ്റ്, തിരുവനന്തപുരം മെഡിക്കൽ കോളേജ്.

* ഡോ. കമലാസനൻ, നവ ഭാരത് ഹോസ്പിറ്റൽ, ശാസ്താംകോട്ട.

* ശ്രീ. കെ. സി. രാജൻ, പൊതുപ്രവർത്തകൻ.

# ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## പാഠ്യേതര പ്രവർത്തനങ്ങൾ

* എൻ. സി. സി. എയർ വിങ്
* ലിറ്റിൽ കൈറ്റ്സ്
* സ്കൗട്ട് & ഗെയിം ഗൈഡ്സ്
* ജെ ആർ സി
* എസ് പി സി
* കുട്ടി ഡോക്ടർ
* വിദ്യാരംഗം
* സ്പോർട്സ് ക്ലബ്
* പരിസ്ഥിതി ക്ലബ്
* ഗണിത ക്ലബ്
* സയൻസ് ക്ലബ്ബ്
* സോഷ്യൽ സയൻസ് ക്ലബ്
* ഗ്രന്ഥശാല
* ലീഗൽ ലിറ്ററസി ക്ലബ്
* ഇംഗ്ലീഷ് ക്ലബ്
* ഹെൽത്ത് ക്ലബ്

തൂലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്



# സ്വപ്നം

കൃഷ്ണ.എസ്.ജി
IX. എ

നീ പോയ വഴികളും നിൻെറ കാലൊച്ചയും
മന്ദമാം നിന്നുടെ ചാരുതയും
എൻ മനസ്സിൻെറ മണിവർണ്ണ ചെപ്പിനുള്ളിൽ
നീ ഉണ്ടെന്ന തോന്നൽ
എന്തിനെന്നറിയാതെ ഏതിനെന്നറിയാതെ
നിൻെറ മന്ദസ്മിതങ്ങൾ ഞാൻ കാതോർത്തു
എൻ മനസ്സിൽ ഒരു കോണിൽ നിന്നെ കുടിയിരുത്തി
പെട്ടെന്ന് വന്നൊരു മധുരമാം കാറ്റിൽ ഞാൻ
കണ്ണുകൾ ചിമ്മി മിഴി തുറന്നു
അപ്പോളെൻ മനം നൊന്തുപോയി
ഞാനറിഞ്ഞു നിൻ കാലൊച്ച
വെറുമൊരു സ്വപ്നം മാത്രമായിരുന്നുവെന്ന്
വെറുമൊരു സ്വപ്നം മാത്രമായിരുന്നുവെന്ന്



ഗവ: ഹയർ സെക്കൻഡറി സ്കൂൾ കൂറ്റനാട്



IX. സി

## കുസൃതി ചോദ്യം

* ആണുങ്ങൾ വലത്തെ കയ്യിലും പെണ്ണുങ്ങൾ ഇടത്തെ കയ്യിലും വാച്ച് കെട്ടുന്നത് എന്തിന്?

ഉത്തരം : സമയം നോക്കാൻ.

* ഏറ്റവും ചെറിയ പാലം ?

ഉത്തരം : മൂക്കിന്റെ പാലം.

* തല കുത്തി നിന്നാൽ വലുതാകുന്നത് ആര്?

ഉത്തരം : 6.

* വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു ?

ഉത്തരം : നിഴൽ.

* തലയിൽ കാൽ വെച്ച് നടക്കുന്ന ജീവി ?

ഉത്തരം : പേൻ.

* ആരും ആഗ്രഹിക്കാത്ത പണം?

ഉത്തരം : ആരോപണം .



തുലിക

## ഗവ. ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



ഹിമ.ശങ്കർ.എസ്
VIII ബി

## പഴശ്ശി തമ്പുരാൻ

വയനാടൻ മഞ്ഞ് കുടിപാർത്ത ഇല്ലിക്കാടുകൾ. തല ഉയർത്തി നിൽക്കുന്ന കാട്ടു മാവിൻറെ കൂട്ടം മാവിലാംതോട്. തോട്ടിലെ വെള്ളം ഒഴുകുന്നത് നേരിയ മട്ടിൽ കേൾക്കാം. തമ്പുരാനും സംഘവും തോട് കടന്ന് ഇല്ലി കൂട്ടങ്ങൾ തിങ്ങിയ ഭാഗത്ത് സാവകാശം നടന്നു. നേരിയ വഴി ചാൽ മാത്രം ഉണ്ട്. വെള്ളത്തിൽ പതിക്കുന്ന കാലടികളും കൊച്ചു ശബ്ദം പോലെ പുറത്തുവരാതെ യാണ് തോട് കടന്നത്.

വെള്ളക്കാരുടെ ചാരന്മാർ ഉണ്ട്. അവർ കാട്ടു പൊൻവെയിലും ചവിട്ടു വഴിയോരത്തു മറഞ്ഞു നിന്നു . പഴശ്ശിയും വില്ലാളി കളെയും പിടിക്കാനുള്ള തയ്യാറെടുപ്പിലാണ്.

തൂലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

കുറിച്ച്യ തലവന്മാർ അടക്കമുള്ള തലവന്മാർ നാളുകളായി പഴശ്ശി ക്കും പടയാളികൾക്കും പാർക്കാനുള്ള എട്ടുപത്തു കുടിലുകൾ മാവിലാംതോടിന്റെ കരയിൽ തയ്യാറാക്കിയിട്ടുണ്ട്. പുൽപ്പള്ളി സീത ദേവി ക്ഷേത്രത്തിന്റെ സമീപം ആണ് വെള്ളപ്പട്ടാളം ത്തിന്റെ തലവനും കൂട്ടരും തമ്പടിച്ചിരിക്കുന്നത്. നാട്ടുകാരെ പറഞ്ഞു ഭയപ്പെടുത്തുന്ന ബാങ്ക് കൊടുത്തു. ചില ആനുകൂല്യങ്ങൾ കൊടുക്കുന്നു. അപ്പോഴും വെള്ള പട്ടാളത്തിനെതിരെ ശക്തമായ തയ്യാറെടുപ്പാണ് പഴശ്ശി നടത്തുന്നത്. മറ്റാർക്കും എളുപ്പം കടന്നു ചെല്ലാൻ പറ്റാത്ത ഒളിത്താവളം ആണ് മാവിലാംതോട് കരയിൽ ഉള്ളത് ഏതാണ്ട് ആറു മാസം പഴശ്ശിയുടെ താവളം എവിടെയാണെന്ന് അറിയില്ല.

വളരെ സൂക്ഷ്മമായ അന്വേഷണം വെള്ളപ്പട്ടാളം നടത്തുന്നുണ്ട് ഒരു കാളവണ്ടി കാട്ടിനുള്ളിലെ വഴിയിൽ കൂടി പോകുന്നു.

തൂലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ കുളനാട്

പലകറി ഇങ്ങനെ മാവിലാംതോടിന്റെ കാട് അകന്നുപോകുന്ന കാളവണ്ടി കാവൽക്കാരനെ കണ്ണിൽ പെടുന്നു. അവർ കാട്ടിലെ പട്ടിയുടെയും പൂവിനെയും കാവൽ നിൽക്കാൻ തുടങ്ങിയിട്ട് കുറെയായി.

മാവിലാംതോട് നിന്റെ കരയിലെ അപ്പ കാട. കനിഞ്ഞു നിൽക്കുന്ന ഇല്ലി കൂട്ടം. എല്ലാം അലഞ്ഞു മാറ്റി കമ്പനി പട്ടാളം പഴശ്ശിയുടെ ഒളിത്താവളം ലക്ഷ്യമാക്കി മുമ്പോട്ട് നീങ്ങി. ഭീകരമായ കാട്. പഴശ്ശിയെ ലക്ഷ്യമാക്കി മുൻപോട്ട് നീങ്ങി. മുള്ള്, മൂർഖൻ പാമ്പ് എല്ലാമുണ്ട്. ഇടാനുള്ള തയ്യാറെടുക്കുകയാണ് കമ്പനി പട്ടാളം മുന്നോട്ടുനീങ്ങിയത്. മുൻനിരയിൽ. ഇടയ്ക്കിടെ വെടി ഉയരുന്നു മറ്റൊരിക്കലും കേൾക്കാത്ത വെടിശബ്ദം.

കാട് നടുങ്ങി. കാട്ടിലെ കിളികൾ പാട്ടു നിർത്തി. അപകടം വരാൻ പോകുന്നു വെള്ളപ്പട്ടാളം മാവിലാംതോട് ഇറങ്ങി. കലപില ശബ്ദത്തോടെ വെള്ളത്തിൽ ചവിട്ടി .

തുലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

വെടി കയറുന്നതിനു മുമ്പായി തന്നെ പഴശ്ശിത്തമ്പുരാൻ്റെ കയ്യിലെ വൈര മോതിരം വിഴുങ്ങി ഇരുന്നു. വെള്ളപ്പട്ടാളം തോക്ക് താഴ്ത്തി ആദരപൂർവ്വം തലകുനിച്ചു. ബാബറെ പല്ലക്കിൽ പഴശ്ശിയെ മാനന്തവാടിയിലേക്ക് കൊണ്ടുവന്നു. അവിടത്തെ ഉയർന്ന ഒരു കുന്നിൻപ്രദേശം. വൻ മരങ്ങൾ ഇടതൂർന്ന് നിൽക്കുന്ന കാട്. സർക്കാർ ആശുപത്രി അടുത്ത്. പഴശ്ശിയുടെ അന്ത്യവിശ്രമ ത്തിനുള്ള ഒരുക്കങ്ങൾ ചെയ്തു. അസ്തമയസൂര്യൻ ചെമ്പട്ട് ചുറ്റും പുതച്ചു. സന്ധ്യയുടെ കവിളിൽ മഞ്ഞു തുള്ളികൾ ഇറ്റു വീണു. ബ്രിട്ടീഷുകാർക്ക് പേടിസ്വപ്നമായിരുന്നു പഴശ്ശി. വയനാടിൻ്റെ പച്ചപ്പിൽ പഴശ്ശി നിത്യ വിപ്ലവ കാരനായി.



തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്



ആൻസി.റ്റി
IX. ബി

## മഴ

ചേമ്പില കുടപിടിച്ച്
പാതി നനഞ്ഞൊഴുകും
പോൾ
പുറകെ ഓടിയ മഴ
പുഴകടക്കുമ്പോൾ
കാതിൽ അടുത്ത
കിന്നാരം
പറഞ്ഞ് മഴ
പിണങ്ങി നിൽക്കുമ്പോൾ
പടിക്കൽ വന്നു
തുറിച്ചു നോക്കുന്ന മഴ
പതിയെ എങ്കിലും
പഴയ നോ വിൻറെ
മുറിവിൽ നീറുന്ന മഴ



ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



നന്ദന
IX. A

## അലീന... നിനക്ക് എന്റെ കണ്ണീർപ്പൂക്കൾ

പുറത്ത് നല്ല മഴയുണ്ടായിരുന്നു. മലമുകളിൽ നിന്ന് വീശിയടിക്കുന്ന കാറ്റിന്റെ ഇരമ്പൽ കേൾക്കാം. അലക്ഷ്യ് പുറത്തേക്ക് നോക്കി. രക്ഷാപ്രവർത്തനം നിർത്തി എല്ലാവരും തിരിച്ച് പോകുന്നത് അറിഞ്ഞു ആളുകൾ കൂട്ടം കൂടി നിന്ന് വിലപിക്കുന്നു. അയാൾ അവരുടെ സമീപത്തേക്ക് ചെന്നു. കുത്തിയൊലിച്ച് വന്ന മലവെള്ളപ്പാച്ചിലിൽ ഒരു നിമിഷം കൊണ്ട് സർവ്വവും നഷ്ടമായ ജീവിതങ്ങൾ. അവരുടെ കണ്ണിൽ ഉറ്റവർക്ക് വേണ്ടിയുള്ള പ്രതീക്ഷകൾ മാത്രമായിരുന്നു. കഴിഞ്ഞ കുറേ ദിവസമായി രക്ഷാ പ്രവർത്തകരായ തങ്ങൾക്കൊപ്പം ഉറ്റവരെ തേടുന്നവർ.

അയാളെ കണ്ടപ്പോൾ അവർ ചോദിച്ചു. ' നിങ്ങൾ എല്ലാം മതിയാക്കി പോവുകയാണ് അല്ലേ സാറേ ഞങ്ങൾക്ക് അതിനു പറ്റില്ലല്ലോ. ഞങ്ങളുടെ വേണ്ടപ്പെട്ടവർ ഇവിടെ ഉള്ളപ്പോൾ ഞങ്ങൾ എവിടെ പോകാനാണ്? അയാൾ ഒന്നും പറഞ്ഞില്ല. ഉറ്റവരുടെ മൃതദേഹം എങ്കിലും കാണാൻ കഴിയാതെ തകർന്നിരിക്കുന്ന വരോട് എന്തു പറയാൻ. അലക്സ് തിരികെ വന്നു ബാഗ് തുറന്ന് തൻ്റെ സാധനങ്ങൾ അടുക്കി വച്ചു. അപ്പോഴാണ് ആ ഡയറി ശ്രദ്ധിച്ചത്. രക്ഷാപ്രവർത്തനത്തിന് നാളുകളിൽ എന്നോ കിട്ടിയതാണ്. ഒപ്പം ഒരു സ്കൂൾ ബാഗും അയാൾ ആ ഡയറി തുറന്നു. ചെളി വെള്ളം കയറി നനഞ്ഞ താളുകൾ പലതും പോയി. അക്ഷരങ്ങൾ വ്യക്തമല്ലെങ്കിലും അയാൾ വായിച്ചു. അലീന ബി., ക്ലാസ്സ് 4 എ, ജി എൽ പി എസ് കവളപ്പാറ . ഒരു ദീർഘനിശ്വാസത്തോടെ അയാൾ ഓരോ പേജും വായിച്ചു.

**അലീന ബി., ക്ലാസ്സ് 4 എ, ജി എൽ പി എസ് കവളപ്പാറ . ഒരു ദീർഘനിശ്വാസത്തോടെ അയാൾ ഓരോ പേജും വായിച്ചു. കിലുക്കാംപെട്ടി പോലൊരു പെൺകുട്ടി തൻ്റെ ചുറ്റിലും വന്നു നിന്ന് സ്കൂളിലെ വിശേഷങ്ങളും അമ്മയോട് കുസൃതി കാട്ടിയതും, ചേച്ചിയോട് വഴക്കിട്ടത് എല്ലാം പറയുന്നതുപോലെ അയാൾക്ക് തോന്നി. അവളുടെ കുഞ്ഞു കഥകളും കവിതകളും അയാളുടെ മനസ്സിനെ പൊള്ളിച്ചു അയാൾ ഡയറി അടച്ചുവെച്ചു . കുറച്ചു മാറിയാണ് അലീനയുടെ വീട് നിന്നിരുന്നത് . അവിടെ ഇപ്പോൾ കുത്തിയൊലിച്ചു വന്ന പാറക്കല്ലുകളും മരക്കഷണങ്ങളും മാത്രമേയുള്ളൂ. അമ്മയുടെയും ചേച്ചിയുടെയും മൃതദേഹങ്ങൾ അടുക്കള ഭാഗത്തു നിന്ന് കിട്ടി. ഇളയകുട്ടിയെ തിരയുമ്പോൾ ആരോ പറഞ്ഞു' ഞങ്ങൾ ചന്തയിലേക്ക് പോയപ്പോൾ മുറ്റത്തിരുന്നു കളിക്കുന്നത് കണ്ടു.**

ചിലപ്പോൾ മലവെള്ളപ്പാച്ചിലിൽ ഒഴുകി... അവർ ശ്രമിപ്പിച്ചില്ല. അപ്പോഴാണ് ആ ബാഗ് അയാളുടെ കയ്യിൽ തടഞ്ഞത്. മണ്ണിൽ കുതിർന്നു കിടക്കുന്ന പാഠപുസ്തകങ്ങളുടെ ഫോട്ടോകൾ ആരൊക്കെയോ പകർത്തുന്നുണ്ടായിരുന്നു. അയാൾ ആരും കാണാതെ ബാഗ് എടുത്തു. ബാഗിനുള്ളിൽ നിന്നാണ് ആ ഡയറി കിട്ടിയത്. പൂമ്പാറ്റയെ പോലെ പാറിനടന്ന ഒരു കൊച്ചു സുന്ദരിക്കുട്ടിയുടെ ഓർമ്മകൾ അയാളെ വേട്ടയാടി. അവസാനപേജ് മറിച്ചു നോക്കി. നാളെ എൻറെ ചേച്ചിയുടെ പിറന്നാളാണ്. രാവിലെ ചേച്ചി ഉണരുന്ന അതിനുമുമ്പ് എനിക്ക് ഉണരണം. തോരണം ഇക്കണം, ഹാപ്പി ബർത്ത് ഡേ പറയണം, അമ്മയുടെ കൂടെ ബേക്കറിയിൽ പോയി വലിയ ക്രീം കേക്ക് വാങ്ങണം, ഹോ എന്തു രസം ആയിരിക്കും, പെട്ടെന്ന് നേരം വെളുത്താൽ മതിയായിരുന്നു. പിന്നെ ഒരു രഹസ്യമുണ്ട് കേട്ടോ. ചേച്ചിക്ക് കൊടുക്കാൻ ഞാനൊരു സമ്മാനം വാങ്ങിയിട്ടുണ്ട്.

തൂലിക

അത് ഞാനെൻറെ ബാഗിൽ സൂക്ഷിച്ചിട്ടുണ്ട്. കേക്ക് മുറിച്ചു കഴിയുമ്പോൾ ചേച്ചിക്ക് ഞാൻ ആ സമ്മാനം കൊടുക്കും. ഓർത്തിട്ട് തന്നെ എന്തു രസമാണ്. അയാളുടെ കൈകൾ വിറച്ച് കണ്ണുനീർ ധാരയായി ഒഴുകി സന്തോഷം. ബാഗിൽനിന്ന് വർണ്ണ കടലാസിൽ പൊതിഞ്ഞൊരു ചെറിയ പെട്ടി എടുത്തു. പുറത്തു പിറന്നാൾ ആശംസകൾ എഴുതിയിട്ടുണ്ട്. അയാൾ പുറത്തിറങ്ങിയപ്പോൾ ജീപ്പിൻറെ ഡ്രൈവർ വന്നു.' സാർ പോകാം, ഇതാണ് എല്ലാവരും റെഡിയായി. ഒരു മിനിട്ട് ഞാൻ ഇപ്പോൾ വരാം. അയാൾ വേഗം പുറത്തേക്ക നടന്നു. അലീനയുടെ ചേച്ചിയുടെയും അമ്മയുടെയും കുഴിമാടത്തിൽ മുന്നിൽ സമ്മാനപ്പൊതി വെച്ചു. ഹൃദയം പിളർന്ന വേദനയോടെ അയാൾ തിരിഞ്ഞു നടന്നു. തിരിച്ചുകിട്ടാത്ത 11 പേരിൽ ഒരാളുടെ ഓർമ കുറിപ്പും പേറി അയാൾ മലയിറങ്ങി.....

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്



കെ. കൃഷ്ണകുമാർ
സ്റ്റാഫ് സെക്രട്ടറി

## എൻെറ വിദ്യാലയം - എൻെറ ഓർമ്മകൾ

ശൂരനാട് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ - എൻ്റെ വിദ്യാലയം.

2003 ജൂലൈ ഏഴാം തിയതി കരുനാഗപ്പള്ളി കുഴിത്തറ ഫിഷറീസ് ഹൈസ്കൂളിൽ നിന്നും സ്ഥലം മാറ്റം വഴി ശൂരനാട് ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ എത്തുമ്പോൾ ഞാൻ ഒന്നു മനസ്സിൽ കരുതി 'ഇനിയുള്ള ശിഷ്ടകാല സേവനം ഈ സ്കൂളിൽ ആയിരിക്കും'. അതിന് പല കാരണങ്ങൾ ഉണ്ട്. എൻ്റെ വീടിനടുത്ത് ഏറ്റവും അടുത്ത് എത്താവുന്ന കൊല്ലം ജില്ലയിലെ വിദ്യാലയം. എനിക്ക് ധാരാളം സുഹൃത്തുക്കൾ ഉള്ള സ്ഥലം. അമ്മയുടെ കുടുംബക്ഷേത്രം ആയ കടമ്പാട്ട് ക്ഷേത്രവും കുടുംബ മൂർത്തിയായ അഴകിയ കാവിൽ അമ്മയും കുടികൊള്ളുന്ന സ്ഥലം.

തുലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

അതിലെല്ലാം ഉപരിയായി സ്കൂളിനെ പറ്റി നിലനിന്നിരുന്ന സൽപ്പേരും. ശിഷ്ടകാല സേവനം എന്ന് ഞാൻ സൂചിപ്പിച്ചത് ഒരു കുറഞ്ഞ കാലയളവല്ല. ശേഷിക്കുന്ന 24 വർഷങ്ങൾ............... ഈ സ്കൂളിന് വേണ്ടി എന്നാൽ കഴിയുന്നത് ചെയ്യണം എന്നുതന്നെ മനസ്സിൽ കുറിച്ചാണ് ഞാൻ ജോയിൻ ചെയ്തത്.

അന്ന് ലക്ഷ്മി ഭായി ടീച്ചറായിരുന്നു പ്രിൻസിപ്പൽ. ജോയിൻ ചെയ്ത ദിവസം ടീച്ചർ എന്നെ വിളിപ്പിച്ച് SC/ST കുട്ടികൾക്ക് ഗ്രാൻഡ് നൽകുന്നതിൻെറ വിതരണ രജിസ്റ്റർ തയ്യാറാക്കുവാൻ ആവശ്യപ്പെട്ടു. പ്രിൻസിപ്പൽ ആകുമ്പോൾ ആവശ്യപ്പെട്ടു എന്ന് പറയുമെങ്കിലും മാതൃവാത്സല്യം തുളുമ്പുന്ന ഒരു നിർദ്ദേശം എന്ന് പറയുന്നതാവും ശരി. ലക്ഷ്മിഭായി ടീച്ചറിൽനിന്നും ഞാൻ അങ്ങനെ ആദ്യപാഠം പഠിച്ചു. "സഹപ്രവർത്തകരെ കുടുംബാംഗങ്ങളെ പോലെ കാണുക..".

തൂലിക

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ഇരനോട്

ഏറ്റെടുത്ത ജോലിയുമായി സ്റ്റാഫ് റൂമിൽ എത്തുമ്പോൾ അല്പം പരിഹാസത്തോടെ ചില നോട്ടങ്ങൾ... എന്താ കിട്ടിയ പണി ? കൂട്ടത്തിലൊരാൾ ചോദിച്ചു."SC/ST ഗ്രാൻഡ് വിതരണ രജിസ്റ്റർ തയ്യാറാക്കണം!" ഞാൻ പ്രതിവചിച്ചു." സമയത്ത് തന്നെ ചെയ്തു തീർത്താൽ നല്ലത്.അടുത്ത പണി ഉടനെ കിട്ടും.....! " ആദ്യ കമൻറ്." ഡേയ്... ഇത്തിരി delay ഇട്ടാൽ പിന്നെ നിന്നെ ഒന്നും ഏൽപ്പിക്കുക ഇല്ല" അടുത്ത ഉപദേശം. സമയത്തുതന്നെ ചെയ്തു തീർക്കുവാൻ ഞാൻ തീരുമാനിച്ചു. ആ തീരുമാനം തന്നെ ശരിയെന്നു തോന്നി. അതുതന്നെയായിരുന്നു ശരിയും എന്ന് ഞാൻ മനസ്സിലാക്കുന്നു. അടുത്ത പണി ഉടനെ കിട്ടി! പിന്നെ തുടരെ പണികൾ.
അങ്ങനെയൊരു സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ, ഓഫീസ് ജോലികൾ ഒക്കെ മനസ്സിലാക്കാൻ എനിക്കായി.  പഠിച്ചത് കുറേ പാഠങ്ങൾ. കുറെയേറെ പാഠങ്ങൾ .

തൂലിക

തെങ്ങമം ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ എന്നെ പഠിപ്പിച്ച ഉണ്ണികൃഷ്ണപിള്ള സാറും സരള മണി ടീച്ചറും പത്മാവതി ടീച്ചറും ശൂരനാട് സ്കൂളിൽ എനിക്ക് സഹപ്രവർത്തകർ ആയിരുന്നില്ല,ശൂരനാട് സ്കൂളിലെ എൻറെ രക്ഷിതാക്കൾ ആയിരുന്നു. സ്കൂളിലെ എല്ലാ പ്രവർത്തനത്തിനും എന്നെ ഒപ്പം കൂട്ടുന്ന അനിയൻ സാർ...

സ്റ്റാഫ് റൂമിലെ അന്തരീക്ഷം എപ്പോഴും പൊട്ടിച്ചിരികൾ നിറഞ്ഞതാകുന്നു.

പങ്കജാക്ഷൻ സാറും ഗംഗാധരൻ പിള്ള സാറും കാഴ്ചയിൽ ഗൗരവക്കാർ എങ്കിലും സ്നേഹ സമ്പുഷ്ടമായ മനസ്സിൻറെ ഉടമകളായിരുന്നു.

എം.വി രാഘവൻ സാറും സദാശിവൻ പിള്ളസാറും ഗൃഹനാഥൻമാരെപ്പോലെ നിലകൊണ്ടു. എന്തുവന്നാലും കുലുങ്ങാത്ത പ്രകൃതക്കാർ. അക്കാലത്ത് ബി.ആർ.സി യിൽ നിന്ന് സ്കൂളുകളിൽ അദ്ധ്യാപകർ സന്ദർശനത്തിന് വരുകയും ക്ലാസ് ഒബ് സർവ് ചെയ്യുകയും ചെയ്യുന്ന പതിവ് ഉണ്ടായിരുന്നു.

തൂലിക

# ഗവ: ഹയർ സെക്കന്ററി സ്കൂൾ കുളനാട്

ചില സ്കൂളുകളിൽ ഇത് തർക്കങ്ങൾക്കും കാരണമായി. തൊട്ടടുത്തുള്ള പൊതുവഴി സ്കൂളിൽ ഒരു സീനിയർ അദ്ധ്യാപകന്റെ ക്ലാസിൽ കയറി വിമർശനം ഉന്നയിച്ചു . അത് വിവാദമായി. സംഘടനകൾ ഏറ്റെടുത്തു. വിവാദം ചൂടുപിടിച്ചു നിൽക്കെ ബി.ആർ.സി യിൽ നിന്നും കുളനാട് സ്കൂളിലും ആളെത്തി. വന്നത് സദാശിവൻപിള്ള സാറിന്റെ മുമ്പിലേക്ക്....! സദാശിവൻപിള്ള സാറേ ദാ ബി.ആർ .സി യിൽ നിന്ന് ടീച്ചർ വന്നു. മലയാളം സാറിനെ തിരക്കുന്നു. ഉച്ചയൂണിനു ശേഷം സ്റ്റാഫ് റൂമിലെ ബെഞ്ചിൽ ഒന്നു തല ചായ്ച്ച് മയക്കത്തിലായ സാർ ഞെട്ടി ഉണർന്നു."ഏതവളാടാ വന്നെ ..? കാശ് കൊടുത്തു സ്കൂളിൽ കയറി പിള്ളേരെ പഠിപ്പിക്കാതിരുന്നിട്ട് പള്ളിക്കൂടവും പൂട്ടി ... ഇപ്പോ പി.എസ് .സി പരീക്ഷയെഴുതി ജയിച്ച് ഇന്റർവ്യൂവും കഴിഞ്ഞ് സർവീസിൽ കയറിയ അദ്ധ്യാപകരെ പഠിപ്പിക്കാൻ വന്നിരിക്കുന്നു.പോകാൻ പറയെടാ..." തിരിഞ്ഞു നോക്കുമ്പോൾ വന്ന ടീച്ചറുടെ പൊടി പോലുമില്ല.

തൂലിക

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

ജ്യേഷ്ഠ സഹോദരന്മാരെപ്പോലെ രാജീവ് സാറും ചന്ദ്രൻ പിള്ള സാറും ഡിവൈവൻ സാറും ശ്രീകുമാർ സാറും പരിണതപ്രജ്ഞൻ ആയ ജോയിക്കുട്ടി സാറും കലയുടെ മീതെ ശാസ്ത്രത്തെയും  കീഴടക്കിയ സോമരാജൻ നായർ സാറും ഞങ്ങളുടെ സ്റ്റാഫിനെ സമ്പന്നമാക്കി.

ഓഫീസ് സ്റ്റാഫിനിടയിൽ ഒരേയൊരു ആൺതരി...." എല്ലാവരുടെയും രവീന്ദ്രൻ ചേട്ടന് ...!"

സ്കൂളിലെ തന്റെ ജോലിക്കിടയിലും പൊതുപ്രവർത്തനരംഗം സമ്പുഷ്ടമാക്കിയ വ്യക്തി. നാട്ടുകാർക്ക് എന്തെങ്കിലും ആവശ്യം ഉണ്ടെങ്കിൽ രവി ചേട്ടൻ റെഡി.വില്ലേജ് ഓഫീസിലും പഞ്ചായത്തിലും കറണ്ടാഫീസിലും പോലീസ് സ്റ്റേഷനിലും ഒക്കെ സഹായഹസ്തവുമായി നിറഞ്ഞു നിന്നു. അങ്ങനെ തിരക്ക കൂടുമ്പോൾ ചിലപ്പോൾ സ്കൂളിലെ പണിമറന്നുപോകും. ഒരിക്കൽ ബെല്ലടിക്കാൻ അല്പം താമസിച്ചു.സ്നേഹത്തോടെ ഞാൻ ഒന്ന് ഉപദേശിച്ചു.  ചേട്ടാ എവിടെ പോയാലും സമയത്ത് ബെല്ലടിക്കണം ..

ഗുലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കുന്നോട്

അല്ലെങ്കിൽ എവിടെയെങ്കിലും പോകുകയാണെങ്കിൽ സമയം ഒന്നു പറഞ്ഞാൽ മതി . ഞങ്ങൾ ബെൽ അടിച്ചോളാം .   പിറ്റേ ദിവസം എന്റെ കൈയിൽ ഒരു പേപ്പർ കഷ്ണം തന്നു. 10.45, 11.30 , 11.40 , 12.20.....അങ്ങനെ പോകുന്നു ആ പേപ്പറിലെ കുറിപ്പ്..."ഞാൻ ശാസ്താംകോട്ട വരെ പോകുകയാണ്. ബെല്ലങ്ങടിച്ചേക്ക്.....!"എനിക്ക് വൈകുന്നതു വരെ പണിയായി.  പക്ഷെ സ്നേഹസമ്പന്നമായ ആ വ്യക്തിക്കു മുമ്പിൽ അതൊന്നും ഒരു പണിയല്ല.രവീന്ദ്രൻ ചേട്ടനോടൊപ്പമുള്ള സ്കൂൾ ജീവിതം കുറെ പാഠങ്ങൾ പകർന്നു കിട്ടിയതായിരുന്നു. തഴവ എ.വി.എച്ച്.എസിൽ യു.പി.വിഭാഗം അദ്ധ്യാപകനായി ജോലി ചെയ്യുമ്പോൾ കുട്ടികൾക്ക് ഉച്ചഭക്ഷണം വിളമ്പി നൽകാൻ മടിയായിരുന്നു. എന്നാൽ മാറുന്നതിന് രവിേട്ടൻ കാരണമായി.ഇന്ന് സ്കൂളിൽ നിന്നാലും ഉച്ചഭക്ഷണം വിളമ്പുമ്പോൾ ഞാൻ അവിടെ ഓടിയെത്തും .

തൂലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

ഒരു കറി ഞാൻ വിളമ്പും. അത് വല്ലാത്തൊരു സംതൃപ്തിയാണ് പകർന്നു തരുന്നത്.
ഓരോ സഹപ്രവർത്തകരും എനിക്ക് ഒരു പാഠപുസ്തകമായിരുന്നു.അവർ പകർന്നു നൽകിയത് ....ജീവിതത്തെ ധന്യമാക്കിയ വിലപ്പെട്ട പാഠങ്ങൾ.. . കരുത്തോടെ ജീവിതത്തെ കാണാനുള്ള ശേഷികൾ... അദ്ധ്യാപക വൃത്തിയുടെ മാഹാത്മ്യങ്ങൾ..

ശൂരനാട് സ്കൂൾ ജീവിത്തിനിടയിൽ ഏറെ സ്ഥലങ്ങൾ സന്ദർശിക്കുവാനും അവസരം ലഭിച്ചു. ആ യാത്ര തുടങ്ങുന്നത് 2004 ഫെബ്രുവരി ഏഴാം തീയതിയാണ്.സ്കൂളിലെ 10 അധ്യാപകർ ഒരു യാത്ര പോകാൻ തീരുമാനിച്ചു. അഗസ്ത്യകൂടത്തിലേക്ക് പോകാം എന്ന നിർദ്ദേശം വെച്ചത് ഞാനാണ്. എൻ്റെ സുഹൃത്ത് ശ്രീ എ.എസ് അശോകൻ അഗസ്ത്യകൂട യാത്രയുടെ ചുമതല ഉള്ള ഫ്രാൻസിസ് ഫോറസ്റ്റർ ആയിരുന്നു. ഞങ്ങളുടെ സംഘത്തലവൻ ജോൺസൺ സാറും.

തൂലിക

## ഗവ: ഹയർ സെക്കന്ററി സ്കൂൾ കുരനാട്

ആറാം തീയതി എൻ്റെ വീട്ടിൽ താമസിച്ച് ഏഴാം തീയതി അതിരാവിലെ പുറപ്പെട്ടു. എട്ടുമണിക്ക് കൊട്ടൂർ എത്തി. അഗസ്ത്യകൂട യാത്രയ്ക്ക് ബോണക്കാട് നിന്നുള്ള പരമ്പരാഗത പാത അല്ല ഞങ്ങൾ തിരഞ്ഞെടുത്തത്. വനപാലകർ പോകുന്ന മറ്റൊരു വനപാത. ഒപ്പം 2 ഫോറസ്റ്റ് ഗാർഡുകൾ. പോകുന്ന വഴിക്ക് ഭക്ഷണശാലകൾ ഇല്ല. രണ്ട് ദിവസമാണ് യാത്ര. 5 കിലോ അരി, പയർ.... എന്നിങ്ങനെ ആഹാര സാധനങ്ങളുമായി യാത്ര ആരംഭിച്ചു. കുത്തനെയുള്ള കയറ്റം ഞങ്ങളിൽ ചിലരെ ക്ഷീണിപ്പിച്ചു. യാത്ര കൊടും കാട്ടിലൂടെ.... ഒപ്പം വന്ന ഫോറസ്റ്റ് ഗാർഡിന് വഴി തെറ്റി. ഒരു ആദിവാസി കുടിയിൽ എത്തി. മൂപ്പൻ്റെ സഹായത്തോടെ യാത്ര. അഞ്ചുമണിക്ക് എത്തിയത് മീൻമുട്ടിയിൽ. കൊടുംകാട്. ആർത്തലച്ച് മീൻമുട്ടി വെള്ളച്ചാട്ടം. യാത്ര അന്നവിടെ അവസാനിപ്പിക്കേണ്ടിവന്നു. ഭീതിയുടെ ഒരു യാത്ര. അല്പം ഉറങ്ങി. ഉണർന്നു അരിയും പയറും ഇട്ട് കഞ്ഞി വെച്ച് കുടിച്ച് യാത്ര തുടർന്നു.

തൂലിക

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

അഗസ്ത്യകൂടം എന്ന ലക്ഷ്യം ഉപേക്ഷിച്ച് ആയിരുന്നു യാത്ര.

രണ്ടുമണിയോടെ തിരികെ കോട്ടൂരിൽ..... ജീവിതത്തിൽ മറക്കാനാവാത്ത ഒരു അനുഭവം ആയിരുന്നു അത്. കൊടും കാട്ടിലൂടെ..... വന്യമൃഗങ്ങൾക്ക് ഇടയിലൂടെ..... ആദിവാസി മൂപ്പൻറെ സഹായം ഇല്ലായിരുന്നെങ്കിൽ ആ കാട്ടിൽ അവസാനിക്കുന്ന ജീവിതയാത്ര.....അതി സാഹസികമായിരുന്നു ആ യാത്ര എങ്കിലും കൂടുതൽ യാത്രയ്ക്ക് കരുത്തു പകരുന്നതായിരുന്നു ആ യാത്ര.വനത്തോടും മലകളോടും എന്തെന്നില്ലാത്ത ഒരു അഭിനിവേശം മനസിൽ ഉണ്ടായി. കാടും കാട്ടരുവിയും കാട്ടരുവിയിലെ തെളിനീരും കാട്ടുമൃഗങ്ങളും കൊച്ചു കൊച്ചു വെള്ളച്ചാട്ടങ്ങളും ഇല്ലാത്ത യാത്രകൾ എനിക്ക് സങ്കൽപ്പിക്കാനെ കഴിഞ്ഞില്ല.മലയുടെ ഹരിതാഭയും കാടിന്റെ ഏകാന്തതയും വനത്തിന്റെ വന്യതയും മനസിൽ കുളിർമ്മ ഉളവാക്കുന്ന അനുഭവങ്ങളായി എന്നും നിന്നു.

തൂലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

2006ന് ശേഷം ശൂരനാട് സ്കൂളിലെ കുട്ടികൾ നാളിതുവരെ കുടിവെള്ളത്തിനായി ബുദ്ധിമുട്ടിയില്ല. അതുകൊണ്ടുതന്നെ കുടിവെള്ളം നമുക്കൊരു പ്രശ്നവുമല്ല. മനുഷ്യൻ അങ്ങനെയാണ്. മുമ്പിലെത്തുന്ന പ്രതിസന്ധി പരിഹരിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ അതിനെ പറ്റിയും അത് പരിഹരിച്ച രീതിയെ പറ്റിയും ഇനിയും അങ്ങനെയൊരു പ്രശ്നം ഉണ്ടാകാം എന്നതിനെപ്പറ്റിയും ചിന്തിക്കാറില്ല.

ശാന്തി ഭവനം ഉണ്ണികൃഷ്ണപിള്ള എന്ന മഹാ മനസ്സൻ ചെയ്തുതന്ന ഉപകാരങ്ങളെ സ്മരിക്കാതെ നമുക്ക് മുന്നോട്ട് പോകാനാകില്ല എന്നതാണ് വസ്തുത. വർഷം തോറും മുന്നൂറോളം കുട്ടികൾക്ക് സൗജന്യമായി യൂണിഫോമും പഠനോപകരണങ്ങളും എത്തിച്ചു തന്നും സൈക്കിൾ സൂക്ഷിക്കുവാൻ ഷർട്ട് ഒരുക്കിത്തന്നും ഹൈടെക് ക്ലാസ് മുറികൾ ടൈൽസ് പാകിതന്നും തൻ്റെ വിദ്യാലയത്തോട് സ്നേഹംകാട്ടി.

ഗുലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

സ്കൂളിലെ ആദ്യത്തെ ഹൈടെക് ക്ലാസ് മുറി സജ്ജമാക്കി നൽകിയ ശ്രീ വി. പി ശ്രീകുമാർ എൻ്റെ ഗുരുനാഥൻ കൂടിയാണ്. തങ്ങളുടെ സ്വകാര്യ സമ്പാദ്യത്തിൽ നിന്നും ധനം മുടക്കി സ്കൂളിനെ സഹായിച്ചവർ ഏറെയാണ്. കുട്ടികളെ ഇരുത്തി പഠിപ്പിക്കുവാൻ ക്ലാസ്മുറികൾ ഇല്ലാതെ വന്നപ്പോൾ ഈ നാടും രക്ഷിതാക്കളും ഒന്നായി നിന്ന് ക്ലാസ്മുറികൾ നിർമ്മിച്ചതും ഞാനോർക്കുന്നു. സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമ്പോൾ ആ പ്രോജക്ടിൻ്റെ പ്രാഥമികരൂപം തയ്യാറാക്കുവാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി കാണുന്നു.

സ്കൂളിലെ പ്രവർത്തനങ്ങളോടൊപ്പം പാഠപുസ്തക രചനയിലും അനുബന്ധ പഠനോപകരണങ്ങളുടെ നിർമ്മാണത്തിലും അധ്യാപക പരിശീലന പരിപാടികളിൽ സംസ്ഥാനതലത്തിൽ ഇടപെടുവാൻ എന്നെ പിന്തുണച്ചതും എൻ്റെ വിദ്യാലയമാണ്.

തുലിക

ഗവ: ഹയർ സെക്കൻഡറി സ്കൂൾ കുരനാട്

17 വർഷമായി ഞാൻ സ്കൂളിൻറെ ഭാഗമായിട്ട്, ഒപ്പം സ്കൂൾ എൻറെ ഭാഗമായിട്ട്. ഇനിയും ഏറെ അനുഭവങ്ങൾ എഴുതാനുണ്ട്. സ്കൂളിന് അകത്തും പുറത്തും എന്നെ സ്നേഹിക്കുന്ന ഒരു വലിയ സൗഹൃദ് വൃന്ദം എനിക്കുണ്ട്. ഏത് പ്രതിസന്ധിയിലും ഒപ്പം നിൽക്കുന്ന ആ സൗഹൃദങ്ങളാണ് എൻറെ കരുത്ത്. എന്നെ ഞാൻ ആക്കിയത്, എൻറെ ദുർബല മനസ്സിനെ  കരുത്തുറ്റതാക്കിയത് ,  പ്രശ്നങ്ങളെ പതറാതെ നേരിടാൻ പഠിപ്പിച്ചത് ആ സൗഹൃദങ്ങളാണ്. എൻറെ വിദ്യാലയ അനുഭവങ്ങൾ ഇവിടെ അവസാനിക്കുന്നില്ല...........

ഗുലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്



## കേരളം

അദ്വനന്ദ

VII. ബി

മലയോര നാടിൻറെ
ഹരിതാഭ വർണ്ണത്തിൽ
തിളങ്ങിനിൽക്കുന്ന കേരളം
ഇന്നോ മർത്ത്യൻ താൻ
ക്രൂരതകള എല്ലാം സഹിച്ച്
മലിനമാകുന്ന കേരളം
പ്രണയം അധിവർഷം
വേനൽച്ചൂട് എന്നിവ
അധികമാകുന്ന കേരളത്തിൽ



ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

കൃഷ്ണപ്രിയ
VIII. F

## GLOBAL WARMING

**Global warming is the long-term rise in the average temperature of the earth's climate system. It is a major aspect of climate change and has been demonstrated by direct temperature measurements and by measurements of various effects of the warming. Global warming and climate change are often used interchangeably. A review of the present status of the global warming science is presented in this paper.**

ഇലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ കുന്നോട്

The term global warming us now popularly used to refer to the recent report increase in the mean surface temperature of the earth;this increase being attributed to increasing human activity and in particular to the increase concentration of green house gases(carbon dioxide,methane,and ozone)in the atmosphere. Since the mid to late 1980's there has been an intense and often emotional debate on this topic.

The various climate change reports (1996.2001)prepared by the IPCC (intergovernmental Panel on Climate Change),have provided the scientific framework that ultimately led to the Kyoto Protocol on the reduction of green house gas emissions(particularly carbon dioxide)due to the burning of fossil fuels numerous peer-reviewed studies reported in recent literature have attempted to verify several of the projections on climate change that have been detailed by IPCC reports.

തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

The global warming debate as presented by the media usually focuses on the increasing mean temperature of the earth,associated extreme weather events and future climate projections of increasing frequency of extreme weather events world wide. In reality,the climate change issue in considerably more complex than an increase in the earth's mean temperature and in extreme weather events.

Several recent studies have questioned many of the projections of climate change made by IPCC reports and to present there is an emerging descending view of the global warming science which is at odds with the IPCC view of the cause and consequences of global warming.

Further, the projection of future climate change over the next fifty to one hundred years is based on insufficiently verified climate models and are therefore not considered reliable at this point in time.

ഗുളിക

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



റിസാന
IX. A

# സൈബർ കുറ്റകൃത്യങ്ങൾ

സൈബർ ലോകത്തെ കുറ്റകൃത്യങ്ങളാണ് സൈബർ കുറ്റകൃത്യങ്ങൾ. കമ്പ്യൂട്ടർ, ഇന്റർനെറ്റ് ഉപയോഗിച്ച് മറ്റൊരാളുടെ സ്വത്തിനോ, മാനത്തിനോ നഷ്ടം വരുത്തുന്നതും ശാരീരികമായോ മാനസികമായോ ഉപദ്രവിക്കുന്നത് സൈബർ കുറ്റകൃത്യങ്ങൾ ആണ്. ഇവ രണ്ടു തരത്തിലുണ്ട് കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയവയെ കുറ്റകൃത്യങ്ങൾ കായുള്ള ഉപകരണങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു.

കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവയെല്ലാം മോഷ്ടിച്ച് കയ്യിൽ വെക്കുക തുടങ്ങിയവയെല്ലാം സൈബർ കുറ്റകൃത്യങ്ങൾ ആണ് ഇത്തരം കുറ്റകൃത്യങ്ങൾക്ക് മൂന്നു മുതൽ അഞ്ചു വർഷം വരെ തടവും, ലക്ഷങ്ങൾ വരുന്ന പിഴശിക്ഷയും ലഭിക്കുന്നതാണ്.

തൂലിക

## ഗവ: ഹയർ സെക്കൻഡറി സ്കൂൾ കുറനാട്

മറ്റൊരാളെ അപകീർത്തി പെടുത്തുന്ന വിധം ഉള്ളതും.
അപമര്യാദയായി
ഉള്ളതുമായസന്ദേശങ്ങൾപ്രചരിപ്പിക്കുവാൻ മറ്റൊരാളുടെ
ഫോട്ടോ, വികൃതമായി പരസ്യപ്പെടുത്തുവാൻ,
അനുവാദമില്ലാതെ മറ്റുള്ളവരുടെ ഫോട്ടോ എടുത്ത്
പ്രചരിപ്പിക്കുന്ന, കമ്പ്യൂട്ടർ ഉപയോഗിച്ച് വ്യാജരേഖകൾ
ഉണ്ടാക്കുക , വികൃതമായ ചിത്രങ്ങൾ ഉണ്ടാക്കുക
പ്രചരിപ്പിക്കുകയും ചെയ്യുക, ഒരാളുടെ അനുവാദം ഇല്ലാതെ
ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുക.
ഒരാളുടെ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് സാധനം
വാങ്ങുക. കമ്പ്യൂട്ടർ പ്രവർത്തനം തകരാറിലാക്കുന്ന
തരത്തിലുള്ള വൈറസ് ഉണ്ടാക്കുക അവ വിതരണം
ചെയ്യുക, ഭീകര പ്രവർത്തനങ്ങൾക്ക് സൈബർ
ലോകത്തെ ഉപയോഗപ്പെടുത്തുക, സാധനങ്ങളുടെ മറ്റ്
വെബ്സൈറ്റുകളും ഉപയോഗിച്ച് ഉപഭോക്താക്കളെ
വഞ്ചിക്കുക . സാമ്പത്തികമായ കുറ്റകൃത്യങ്ങൾ നടത്തുക.
മറ്റുള്ളവരുടെ പേരിൽ വ്യാജ ഇമെയിൽ ഫേസ്ബുക്ക്
അക്കൗണ്ട് ഉണ്ടാക്കുക അയാൾ ആണെന്ന് ധരിപ്പിച്ച് ചാറ്റ്
ചെയ്യുക

തൂലിക

ഗവ: ഹയർ സെക്കഡറി സ്കൂൾ ക്കുരനാട്

* സൈബർ കുറ്റകൃത്യങ്ങൾ തടയാൻ അന്താരാഷ്ട്ര സംഘടന . അന്താരാഷ്ട്ര സാമ്പത്തിക സഹകരണത്തിനുള്ള സംഘടനയാണ്ഓർഗനൈസേഷൻ ഓഫ് ഇക്കണോമിക് ഓപ്പറേഷൻ ആൻഡ് ഡെവലപ്മെൻറ് ആദ്യമായി അന്താരാഷ്ട്രതലത്തിൽ സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ ഇടങ്ങിയത്.




1985 ആണ് ഈ സംഘടന അംഗരാജ്യങ്ങൾ ഓട് സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നിയമനിർമാണം നടത്താൻ ആവശ്യപ്പെട്ടു. ഇതിൻറെ അടിസ്ഥാനത്തിൽ ഓരോ രാജ്യവും തങ്ങൾക്ക് അനുയോജ്യമായ സൈബർ നിയമങ്ങൾ നിർമ്മിക്കുകയുണ്ടായി.

ഐടി ആക്ട് 2000, ഐടി ആക്ട് 2008 ഭേദഗതി എന്നിവയാണ് ഇന്ത്യയിലെ പ്രധാന സൈബർ നിയമങ്ങൾ

തുലിക

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



ഹരികുമാർ
ഇംഗ്ലീഷ് ടീച്ചർ

# യോഗ ശാസ്ത്രവും മനുഷ്യ മനസ്സും

**യോഗ ചിത്തവൃത്തി നിരോധ:**

**യോഗ ശാസ്ത്രത്തിൻറെ പിതാവായി അറിയപ്പെടുന്നത് പതഞ്ജലി മഹർഷിയാണ്. യോഗ ഒരു ശാസ്ത്രമായി കരുതണം. മനുഷ്യ മനസ്സിനെ ഇത്രമേൽ ശാസ്ത്രീയമായി പഠിച്ച ഒരു ശാസ്ത്രജ്ഞൻ ഇല്ല തന്നെ. മനുഷ്യ മനസ്സിനെ അലട്ടുന്ന പ്രശ്നങ്ങൾക്ക് നൽകുന്ന ശാസ്ത്രീയ പരിഹാരമാണ് യോഗശാസ്ത്രം.**

**ചിത്തം എന്നാൽ മനസ്സ്. മനസ്സിലുണ്ടാകുന്ന വൃത്തികൾ അല്ലെങ്കിൽ അലയൊലികൾ നിരോധിക്കുന്നതാണ് യോഗ. മനസ്സിലുണ്ടാകുന്ന വൃത്തികൾ അഞ്ചെണ്ണമാണ്.**

ഗവ: ഹയർ സെക്കൻഡറി സ്കൂൾ ശൂരനാട്

1. പ്രമാണം : പ്രമാണം എന്നാൽ തെളിവ് അന്വേഷിക്കൽ അല്ലെങ്കിൽ ചോദിക്കൽ. മനസ്സ് എപ്പോഴും ഓരോന്നിനും തെളിവ് ചോദിച്ചുകൊണ്ടിരിക്കും. പ്രത്യക്ഷം, അനുമാനം, ആഗമം എന്നീ മൂന്നു വിധത്തിൽ മനസ്സ് തെളിവ് അന്വേഷിക്കുന്നു.
2. വിപര്യയം : വിപര്യയം എന്നാൽ മനസ്സിന്റെ തെറ്റായ ധാരണകൾ. കാര്യങ്ങൾ തെറ്റായ രീതിയിൽ ഗ്രഹിക്കൽ എന്നർത്ഥം.
3. വികല്പം : മനസ്സിന്റെ വിചിത്ര കൽപ്പനകൾ. അല്ലെങ്കിൽ മനോരാജ്യം കാണൽ അല്ലെങ്കിൽ ഭ്രമാത്മകത. മനസ്സ് പലപ്പോഴും ഭാവനാ ലോകത്തേക്കും ഭയത്തിലേക്കും പോകുന്ന അവസ്ഥ.
4. നിദ്ര : ഉറക്കം തന്നെ. മറ്റൊന്നും ചെയ്യാൻ ഇല്ലെങ്കിൽ ഉറക്കമെന്ന അവസ്ഥ. അല്ലെങ്കിൽ ജഡാവസ്ഥ.

തൂലിക

5. **സ്മൃതി:** പഴയതും പുതിയതുമായ സംഭവങ്ങളിലേക്ക് ഉള്ള യാത്ര . അതായത് പഴയ കാര്യങ്ങൾ എല്ലായ്പ്പോഴും ഓർമിച്ചുകൊണ്ട് നിരാശയിലും ദുഃഖത്തിലും പെട്ട് ഉഴലുന്ന അവസ്ഥ.

മനസ്സിൻറെ ഈ വൃത്തികൾ അല്ലെങ്കിൽ അവസ്ഥകൾക്ക് ഉപരിയായി മറ്റൊരു അവസ്ഥ ഇല്ല തന്നെ. ഇങ്ങനെ ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് ചാഞ്ചാടുന്ന മനസ്സിനെ നിയന്ത്രിച്ച് സന്തോഷവും സംതൃപ്തി നൽകുന്നതാണ് യോഗ. യോഗ എന്നാൽ പൊതുവെ കരുതുന്നതുപോലെ ആസനങ്ങൾ( ശാരീരിക പരിശീലനം) മാത്രമല്ല മാനസികമായ പരിശീലനങ്ങളും ഉൾപ്പെടുന്ന യോഗയുടെ അംഗങ്ങൾ - അതായത് അഷ്ടാംഗ യോഗ- എട്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു .

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

1 . യാമം- അഹിംസാ, സത്യം, ആസേതയം, ബ്രഹ്മചാര്യം, അപരിഗ്രഹം

2. നിയമം- ശൗയം, സന്തോഷം, തപസ്സ്, സ്വാധ്യായ, ഈശ്വര പ്രണിധാനം

3. ആസനങ്ങൾ-

4. പ്രാണായാമം - പൂരാക,കംഭക, രേചകരീതിയിലുള്ള ശ്വസന പ്രക്രിയകൾ

5. പ്രത്യാഹാര : മനസ്സിന് നൽകുന്ന മറ്റു സന്തോഷ ക്രിയകൾ

6. ധാരണ : കാര്യങ്ങളെക്കുറിച്ചുള്ള ശരിയായ ധാരണ

7. ധ്യാനം :

8. സമാധി : സമാധി അവസ്ഥ

ഈ അഷ്ടാംഗ യോഗങ്ങളിൽകൂടി നിഷ്ഠവെച്ചാൽ നമുക്ക് പൂർണ്ണമായ സന്തോഷവും സംതൃപ്തിയും ലഭിക്കുമെന്നത് നിസ്സംശയമാണ്.

തുലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



അനൂപ്.എസ്
*IX. E*

## കൊറോണ വൈറസ്

കൊറോണാ വൈറസിനെ കുറിച്ചുള്ള വാർത്തകൾ ഏതാനും കുറച്ച് ആഴ്ചകളായി മീഡിയയിൽ നിറഞ്ഞുനിൽക്കുന്ന ഒരു വിഷയമാണ് . ചൈന,കാനഡ, ഫ്രാൻസ് ,ജപ്പാൻ ,മലേഷ്യ നേപ്പാൾ, സിംഗപ്പൂർ ,സൗത്ത് കൊറിയ, തായ്‌ലൻഡ് ,യു.എസ്.എ, ഇന്ത്യ എന്നീ രാജ്യങ്ങളിൽ ഇതുവരെ കൊറോണ വൈറസ് സ്ഥിരീകരിച്ചിട്ടുണ്ട്. ഡിസംബർ 31, 2019 ചൈനയിലെ ഊഹാൺ എന്ന പ്രദേശത്താണ് ആദ്യത്തെ കേസ് റിപ്പോർട്ട് ചെയ്തത്. ചൈനയിൽ ഇതുവരെ 132 ലധികം ആളുകൾ മരണപ്പെട്ടതായി 5900ലെ അധികം ആളുകൾ ഇൻസെന്റീവ്കെയറായി റിപ്പോർട്ടുകൾ പറയുന്നു. മറ്റു രാജ്യങ്ങളിൽ 50-തിലധികം ആളുകൾക്ക് കൊറോണാ വൈറസ് ബാധിച്ചതായി സ്ഥിരീകരിച്ചു.

തുലിക

ഗവ: ഹയർ സെക്കഡറി സ്കൂൾ ശൂരനാട്

ലോകം മുഴുവൻ കൊറോണ വൈറസ് പടരാൻ തുടങ്ങിയതോടെ ആളുകൾ പരിഭ്രാന്തിയിലാണ്. എന്താണ് കൊറോണ വൈറസ് W. H. O പറയുന്നതനുസരിച്ച് കൊറോണ വൈറസ് മനുഷ്യരിൽ രോഗമുണ്ടാക്കുന്ന ഒരു വലിയ വൈറസ് ഗ്രൂപ്പിൻ്റെ ഒരു ഭാഗമാണ്. ചെറിയ ജലദോഷം മുതൽ വളരെ മാരകമായ രോഗങ്ങൾ ആയി മാറുന്നു . കൊറോണ വൈറസ് എന്ന വേറൊരു പുതിയ തരം വൈറസ് ആണ്. ഇത് ആദ്യമായിട്ടാണ് മനുഷ്യരിൽ വൈറസിനെ കണ്ടെത്തിയത്. കൊറോണ വൈറസ് എന്നത് വലിയ വൈറസ് ഗ്രൂപ്പിലെ ഭാഗമാണ്. കൊറോണാ വൈറസിനെ ഇതുവരെ പേര് നൽകാത്തതുകൊണ്ട് ആളുകൾ ഇതിനെ കൊറോണ വൈറസ് അല്ലെങ്കിൽ ഊഹാങ് വൈറസ് എന്ന് വിളിക്കുന്നു.

തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കുന്നോട്

ഈ കൊറോണ വൈറസ് ഇത്രയും ഡെയിഞ്ചർ ആകാൻ കാരണം ഇത് നിമോണിയവരുന്നതിനും, ശ്വാസകോശ തടസത്തിനു കാരണമാകുന്നു. വീക്ക് ഇമ്മ്യൂണിറ്റി സിസ്റ്റം ഉള്ളവർക്കുംബാധിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. എടുത്തു പറയുകയാണെങ്കിൽ കുട്ടികൾ ,പ്രായംചെന്നവർ അതു കൂടാതെ മറ്റു രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്നവർ. നിർഭാഗ്യവശാൽ കൊറോണ വൈറസ് ബാധിച്ച് പെട്ടെന്ന് രോഗ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങുക ഇല്ല. അതുകൊണ്ടുതന്നെ കൊറോണ വൈറസ് എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കുക ഇല്ല. ജലദോഷത്തിനും ഉണ്ടാകുന്ന രോഗ ലക്ഷണങ്ങൾ തന്നെയാണ് കൊറോണ വൈറസ് ആയിട്ടുള്ള ആളുകൾ കാണിക്കുന്നത്.

തൂലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

വൈറസ് മറ്റൊരു ജീവിയുടെ കോശത്തിൽ കടന്നുകയറുന്ന ജനിതക സംവിധാനത്തെ ഹൈജാക്ക് ചെയ്യുന്ന പിന്നീട് സ്വന്തമായി നിർമ്മിച്ചെടുക്കുന്ന ഒരു രോഗം. എന്നാൽ എന്താണ് കൊറോണ വൈറസ് എന്ന വിഭാഗത്തിൽ തന്നെ ശ്രദ്ധിക്കേണ്ടത് കൊറോണ വൈറസ് സ്വഭാവങ്ങൾ എന്താണ് ഒരു കൂട്ടം വൈറസുകളാണ് ഇവ എന്ന് പറയേണ്ടിവരും. സസ്തനികളെ ബാധിക്കുന്ന വൈറസ് ആണ് കൊറോണ വൈറസ് ശ്വസന സംവിധാനത്തെ തകരാറിലാക്കുന്ന ജലദോഷം സുഖപ്പെടും എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം കേൾക്കാൻ ഇത് കാരണമാവുകയും ചെയ്യുന്നു.



തൂലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



ആൻസി.റ്റി
IX. C

## ശൂരനാടിന്റെ വിപ്ലവം

കൊല്ലം ജില്ലയിലെ വടക്കേ അതിർത്തിയായ ശൂരനാട് കാർഷിക ഗ്രാമത്തിൽ നടന്ന സംഭവം. നെല്ല് വയലുകളും കുന്നുകളും കൃഷിയിടങ്ങളും നിറഞ്ഞ മനോഹരമായ ഗ്രാമമായിരുന്നു ശൂരനാട്.ഇവിടുത്തെകൃഷിയിടങ്ങളിൽ ഏറിയ പങ്കും ഒന്നുരണ്ട് ജന്മി കുടുംബങ്ങളുടെ കൈവശമായിരുന്നു . പ്രബലരായ തെന്നല തറക്കാർ" പാവപ്പെട്ട കർഷകരെയും കർഷകതൊഴിലാളികളെയും ഇവർ അടിമകൾ കണക്കേ എടുപ്പിച്ചു. ജന്മിമാർക്ക് പോലീസ് തണലായി. പകലന്തിയോളം പാടത്ത് പണിയെടുക്കാൻ വിധിക്കപ്പെട്ട കർഷകർക്ക് തുച്ഛമായ കൂലിയും പ്രതിഷേധിച്ചാൽ കൊടിയ മർദ്ദനവും ആയിരുന്നു പ്രതിഫലം.

തൂലിക

ഒടുവിൽ ഗത്യന്തരമില്ലാതെ അനീതിക്കെതിരെ ശബ്ദമുയർത്താൻ ജനം തീരുമാനിച്ചു. ജന്മിമാ സങ്കട നൽകുന്നവരുടെ പേരിൽ ജനങ്ങളെ ചേർത്തു യുവാക്കൾ സംഘടിച്ചു.

രാത്രി സ്കൂൾ കൂടുതൽ ആവശ്യപ്പെടാൻ തൊഴിലാളികൾ നിർബന്ധിതരായി. ജന്മിമാരുടെയും പോലീസിനെയും നീക്കങ്ങളെ ചെറുത്തുതോൽപ്പിക്കാൻ ജനം രഹസ്യമായി തീരു നടനമാനമെടുത്തു. അതിന് നിമിത്തമായത്"1949 ഡിസംബർ 31"ന് നടന്ന ഒരു സംഭവമാണ്. ശൂരനാട്ട് പാട ശേഖരത്തിലുള്ള പൊതു സ്വത്തായ ഉള്ളന്നൂർ കുളത്തിൽ നിന്ന് മീൻ പിടിക്കാനുള്ള അവകാശം തെന്നല തറയിൽ ഗോപാലപിള്ള യുടെ ബന്ധുവായ വടക്കേക്കര വേലുപ്പിള്ളയുടെ പേര് ലേലത്തിൽ പിടിച്ചു. ഇതിനെ തുടർന്ന് ചേർന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ യോഗം കുളത്തിൽ നിന്ന് മീൻ പിടിക്കുവാൻ കർഷകർക്ക് ആഹ്വാനം നൽകി.

തൂലിക

കർഷകരും കർഷക തൊഴിലാളികളും ചേർന്ന് കുളത്തിൽ നിന്നും മീൻ പിടിച്ചു. ഇത് ജന്മിമാരെ പ്രകോപിതരാക്കി.പോലീസും ജന്മിമാരുടെ ഗുണ്ടകളും പാവപ്പെട്ട ജനങ്ങളെ വേട്ടയാടാൻ തുടങ്ങി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കർഷകരും കർഷകത്തൊഴിലാളികളും" മനുഷ്യനാണെങ്കിൽ ജീവിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മുദ്രാവാക്യമുയർത്തി പോലീസിനെയും ഗുണ്ടകളെയും ചെറുത്തു. കിഴക്ക് ഏലായിൽ നടന്ന ഏറ്റുമുട്ടലിൽ ഒരു സബ് ഇൻസ്പെക്ടർ അടക്കം നാല് പോലീസുകാർ മരിച്ചു വീണു. സ്ത്രീകളെയും കുട്ടികളെയും ഉൾപ്പെടെ പോലീസ് ക്രൂരമായി വേട്ടയാടി.

## ഗവ: ഹയർ സെക്കഡറി സ്കൂൾ ശൂരനാട്

**അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്ന മർദ്ദനത്തിന് കുപ്രസിദ്ധി നേടിയ പറവൂർ പി.കെ നാരായണപിള്ളയുടെ മന്ത്രിസഭയായിരുന്നു. സംഭവമറിഞ്ഞ് അദ്ദേഹം ശൂരനാട് എത്തി " ശൂരനാട് എന്നൊരു നാടിനെ വേണ്ട" എന്ന് പ്രഖ്യാപിച്ചു. കണ്ണിൽ കണ്ടവരെയെല്ലാം പോലീസ് വേട്ടയാടി. ഒരു മാസത്തിനുള്ളിൽ നാലു പേരെ കൊന്നു . കർഷക കുടുംബങ്ങൾ സർവ്വതും ഉപേക്ഷിച്ചു നാടുവിട്ടു.**

**കേസിൽ പ്രതിക സെക്കുളാക്കപ്പെട്ടവരുടെ വീടുകളിൽ പോലീസ് ഇടിച്ചുനിരത്തി. ഗ്രാമത്തിൽ നടമാടിയ പോലീസ് അതിക്രമം തോ ഇരിക്കുന്ന നിമിഷങ്ങൾ ഏഴാം 25പ്പിൽ ഭാസി" ഒളിവിലെ ഓർമ്മകളിൽ" രണ്ടെണ്ണംവിവരിക്കുന്നതിങ്ങനെ:- കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി കല ബന്ധമുള്ളവരെ പോലും അറസ്റ്റ് ചെയ്ത് ലോക്കപ്പിൽ ആക്കി കമ്മ്യൂണിസ്റ്റ് സംഘടന ഒന്നും പ്രവർത്തിക്കുവാൻ നിവർത്തി ഇല്ല.**

തുലിക

**കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി കല
ബന്ധമുള്ളവരെ പോലും അറസ്റ്റ് ചെയ്ത്
ലോക്കപ്പിൽ ആക്കി കമ്മ്യൂണിസ്റ്റ് സംഘടന
ഒന്നും പ്രവർത്തിക്കുവാൻ നിവർത്തി ഇല്ല .
പാർട്ടി ഓഫീസുകളിൽ ഇരിക്കുന്നവരെ പോലും
പോലീസ് പിടിക്കും പിടിക്കുന്ന നിമിഷം മുതൽ
മർദ്ദിക്കും . 26 പേരായിരുന്നു ശൂരനാട്
കേസിൽ പ്രതികളാക്കപ്പെട്ടത്
ചേലക്കൊട്ടേത്ത് കുഞ്ഞിരാമനും ,
അയണിവിള കുഞ്ഞ് പിള്ളയും കലാപത്തിന്
നേതൃത്വം നൽകിയതായിരുന്നു. കേസുമായി
നേരിട്ട് ബന്ധമില്ലാത്ത തോപ്പിൽ ഭാസി,
പേരൂർ മാധവൻ പിള്ള മ
തുടങ്ങിയവരായിരുന്നു പ്രതികളാക്കി
ഇരുന്നത്.**

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

ഏഴുപേർ പോലീസ് മർദ്ദനത്തിന് ഇരയായി
രക്തസാക്ഷിത്വം വരിച്ചു പ്രതികളെല്ലാം
75 വർഷത്തെ തടവ് ശിക്ഷ നൽകാൻ കൊല്ലം
സെഷൻസ് കോടതി വിധിച്ചു 1957- ൽ
അധികാരത്തിൽ വന്ന ഇ എം എസ് മന്ത്രിസഭ
സമര സഖാക്കളെ കുറ്റവിമുക്തരാക്കി ഡിസംബർ
31 ശൂരനാട് രക്തസാക്ഷി ദിനമായി ഇന്നും
ആചരിച്ചു പോരുന്നു
ചരിത്രത്തിലെ താളുകളിൽ ഇന്നും അർഹതപ്പെട്ട
പ്രധാന്യം നൽകപ്പെട്ടിട്ടില്ല ശൂരനാട് സമരം
മധ്യതിരുവിതാംകൂറിലെ രാഷ്ട്രീയ ചരിത്രത്തിലെ
ജ്വലിക്കുന്ന ഏടാണ്



തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്



[illegible]
IX. A

## വിവരസാങ്കേതികവിദ്യ

കമ്പ്യൂട്ടറോ, മൈക്രോപ്രൊസസ്സ , അടിസ്ഥാനമാക്കിയുള്ള മറ്റ് ഉപകരണങ്ങളോ, ഉപയോഗിച്ച്, വിവരങ്ങൾ ശേഖരിക്കുക, സൂക്ഷിച്ച വയ്ക്കുക, അയക്കുക എന്നിങ്ങനെ പലവിധത്തിൽ പാകപ്പെടുത്തിയ ശാസ്ത്രസാങ്കേതിക വിദ്യയെ ഇൻഫർമേഷൻ ടെക്നോളജി( ഐ.റ്റി) അഥവാ ഇന്ന് വരസാങ്കേതികവിദ്യ എന്ന് വിളിക്കുന്നു.IIA-യുടെ നിർവചനമനുസരിച്ച് , കമ്പ്യൂട്ടർ അടിസ്ഥാനമാക്കിയുള്ള ഇൻഫർമേഷൻ സിസ്റ്റംസിന്റെ പഠനം, രൂപകല്പന നിർമ്മാണം, അതിന്റെ പബ്ലിക്കേഷൻ, നിയന്ത്രണം എന്നിവയ്ക്ക് പൊതുവെ പറയുന്ന പേരാണ് ഐ.ടി .

തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

വിവരസാങ്കേതികവിദ്യ ലോകം വളരെ വിശാലമാണ്. അതിൽ ധാരാളം മേഖലകൾ ഉൾപ്പെടുന്ന പ്രക്രിയകൾ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ. കമ്പ്യൂട്ടർ ഹാർഡ് വെയർ, പ്രോഗ്രാമിങ് ഭാഷകൾ, ഡേറ്റാ കൺസ്ട്രുകൾ മുതലായവ ഇതിൽ പെടും. ആൻറി കൈത്തറ സാങ്കേതികവിദ്യ ആയിരുന്നു.B.C.E - ഒന്നാം നൂറ്റാണ്ടിൽ പോലും ഉപയോഗിച്ചിരുന്ന ആദ്യ അനലോഗ് കമ്പ്യൂട്ടർ. ഇത്, ഏറ്റവുമാദ്യം അറിയപ്പെട്ട ഗിയർ പ്രവർത്തക സംവിധാനമായിരുന്നു.



തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്



ദേവയാമ.എ.പി
IX. E

## പ്ലാസ്റ്റിക് മനുഷികവിപത്ത്

ഒരു മനുഷ്യൻ അവൻെറ ജീവിതത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത അവശ്യസാധനങ്ങളിൽ ഒന്നായി പ്ലാസ്റ്റിക് മാറി കഴിഞ്ഞിരിക്കുന്നു. കൊണ്ടുനടക്കാനും സൂക്ഷിച്ചുവെക്കാനും എളുപ്പത്തിൽ കൈമാറ്റം ചെയ്യാനും വൃത്തിയായി വയ്ക്കാനും ലോകത്തിൽ മനുഷ്യർ ആശ്രയിക്കുന്ന ഒന്നായി പാസ്റ്റ് മാറിക്കഴിഞ്ഞിരിക്കുന്നു . മാറ്റങ്ങൾക്ക് വിധേയമാകാത്ത വസ്തുക്കൾ അത് എന്ത് തന്നെയായാലും ഭൂമിക്ക് അവ ഭാരം ആവുകയാണ്. മനുഷ്യൻെറ കാര്യം തന്നെ ആലോചിച്ചു നോക്കൂ. അവൻ മരിച്ചില്ലായിരുന്നുവെങ്കിൽ ഭൂമിയുടെ അവസ്ഥ എന്ത് പരിതാപകരം ആയേനെ. ദിനംപ്രതി പ്ലാസ്റ്റിക് മാലിന്യങ്ങൾ നമ്മുടെ ലോകത്ത് കുന്ന് കൂടുകയാണ്.

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

മനുഷ്യന് അവന്റെ ആവശ്യാനുസരണം അടിച്ച പരത്താനും വലിച്ച് നീട്ടാൻ ആവുന്നതും ഇഷ്ടമുള്ള വലുപ്പം നൽകാവുന്നതുമായ പോളിമർ വസ്തുവാണ് പ്ലാസ്റ്റിക്. ഒരിക്കലും നശിക്കാത്തതും ചെലവ് കുറഞ്ഞതുമാണ് പ്ലാസ്റ്റിക്. ആവശ്യാനുസരണം ലഭ്യമാവുന്നതുമായത്. മനുഷ്യൻ അവന്റെ ജീവിതത്തിന്റെ ദിനചര്യയിൽ പ്ലാസ്റ്റിക്അവശ്യ വസ്തുവായി മാറിയിരിക്കുന്നു. ഇത്തരം ഗുണങ്ങൾ ഏറിയതോടെ എല്ലാ ആവശ്യത്തിനും പ്ലാസ്റ്റിക്കിനെ ആശ്രയിക്കാൻ തുടങ്ങി. ഇന്ന് കേരളീയൻ എല്ലാത്തിനും പ്ലാസ്റ്റിക്കിനെ ആശ്രയിക്കാൻ തുടങ്ങിയിരിക്കുന്നു. പ്ലാസ്റ്റിക് ഉപയോഗിക്കുന്ന കാര്യത്തിൽ ലോകത്തെ മുൻപന്തിയിൽ തന്നെയാണ് നമ്മുടെ ഈ കൊച്ചു കേരളം. തുണിസഞ്ചികൾ, പേപ്പർ കവറുകൾ, തുടങ്ങി മറ്റുങ്ങൾക്ക് വിധേയമാകുന്നത് ഭൂമിക്ക് ദോഷം വരുത്തുന്നതും ആയ എല്ലാ സാധനങ്ങളുടെയും സ്ഥാനത്ത് പ്ലാസ്റ്റിക് ഇടംപിടിച്ചു കഴിഞ്ഞിരിക്കുന്നു.

തൂലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

പ്ലാസ്റ്റിക് കണ്ടുപിടുത്തം ഈ ലോകത്തിന്റെ സമസ്ത മേഖലകളിലും കാര്യമായി ബാധിച്ചു . പ്ലാസ്റ്റിക് ബോട്ടിലുകൾ, പേനകൾ, മേശ, കട്ടിൽ, കസേര, മുതലായവയും പ്ലാസ്റ്റിക് കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഇന്ന് ഉപ്പു മുതൽ കർപ്പൂരം വരെ പ്ലാസ്റ്റിക് കവറുകളിൽ ലഭ്യമാകുന്ന അവസ്ഥയാണ്. ഒന്നു തിരിഞ്ഞു നോക്കിയാൽ ഏതാണ്ട് 1916 മുതലാണ് പ്ലാസ്റ്റിക്കിന്റെ ചരിത്രം ആരംഭിക്കുന്നത് .നെറുകയിൽ നിൽക്കുന്ന അമേരിക്ക മുതലായ പല സമ്പന്നവും ദരിദ്രവും ആയ രാജ്യങ്ങളും പ്ലാസ്റ്റിക് കടലിലേക്ക് തള്ളുന്നത് പ്രകൃതിയുടെ സന്തുലനാവസ്ഥ മാറ്റിമറിക്കുന്നു. മത്സ്യസമ്പത്ത് കുറയുന്നു, ജലസ്രോതസ്സുകൾ നശിക്കുന്നു, അതോടൊപ്പം തന്നെ ജലദൗർലഭ്യം തുടങ്ങിയവ ഇന്ന് രൂക്ഷമാണ്. നമുക്ക ഒന്നിച്ച് പ്രയത്നിക്കാം പ്ലാസ്റ്റിക് വിമുക്ത കേരളത്തിനായി.



ഋലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## നമ്മുടെ വിദ്യാലയം



അറിവിൻ ലോകം
സ്നേഹത്തിൻ  ലോകം
അതാണ് നമ്മുടെ വിദ്യാലയം
സഹപാഠികൾ തൻ
സ്നേഹ വർത്തമാനങ്ങൾ
അറിവുകൾ പകരും
നിമിഷങ്ങൾ  നിറയും
ചടുലമായ അറിവിനെ
 സ്വായത്തമാക്കാൻ
നിറയട്ടെ
ദീപമാണ് വിദ്യാലയം
 വിദ്യ പകരും
അധ്യാപകർ
 തൻ ശിഷ്യരായി മാറുന്ന
മോഹൻ ജീവികളായി മാറുന്ന , കുട്ടികൾ
അറിവിൻറെ ലോകത്തെ
കീഴടക്കാൻ ആർക്കു
സാധ്യമല്ല ഇനിയുമേറെ
പഠിക്കണം വിദ്യാലയം

ദേവിക
VII. B

തൂലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



പ്രത്യുഷ്
VIII. B

## മാനവികതയുടെ തീർത്ഥം

2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയം കേരളത്തിന്റെ ഓർമ്മയിൽ ഒരു പേടി സ്വപ്നമായി അവശേഷിക്കും. വിവരണാതീതമായ ദുരന്തങ്ങളിൽ കൂടിയാണ് കേരള ജനത കടന്നുവന്നത്. പ്രളയ ദുരിതം നേരിട്ട് അനുഭവിക്കാത്ത വരും ദൃശ്യമാധ്യമങ്ങളിലൂടെ ദിന പത്രങ്ങളിലൂടെ വേദനാജനകമായ അനുഭവങ്ങൾ പങ്കുവെച്ചു . ദിനംപ്രതി വന്ന വാർത്തകൾ മനുഷ്യസ്നേഹികളും ഉറക്കം കെടുത്തിയ പ്രളയം ദുരിതം വിതച്ചു എങ്കിലും കേളി കേരളീയ നവോത്ഥാന മനസ്സ് ഉണർന്നെണീറ്റ് കൊണ്ട് ജീവ രക്ഷയ്ക്കായി പ്രളയജലത്തിലേക്ക് ഇറങ്ങി .

## ഗവ: ഹയർ സെക്കൻഡറി സ്കൂൾ ശൂരനാട്

ജാതി- മത- രാഷ്ട്രീയ പരിഗണനകൾ ഏതുമില്ലാതെ രക്ഷാപ്രവർത്തകർ പ്രവർത്തിച്ചത് കൊണ്ടാണ് മരണസംഖ്യയും മറ്റും കുറയ്ക്കാൻ കഴിഞ്ഞത്. സർക്കാർ സുരക്ഷാസംവിധാനങ്ങളും മത്സ്യത്തൊഴിലാളികളും സന്നദ്ധപ്രവർത്തകരും ജീവൻ രക്ഷയ്ക്കായി എത്തിയപ്പോൾ നിങ്ങൾ ഏതു ജാതിയാണ് ഏതു മതമാണ് എന്ന് ആരും ചോദിച്ചില്ല; അങ്ങനെ തികച്ചും മതേതരവും മാനവികതയിൽ ഉറച്ച നിൽക്കുന്നതുമായ ഒരു പുതിയ യുഗപ്പിറവിയായി മാറി ദുരന്തം വിതച്ച പ്രളയം . 1924- ലെ മഹാപ്രളയത്തെ കുറിച്ച് ബാല്യകാലത്തു ഞാൻ കേട്ടിട്ടുണ്ട്. മനുഷ്യസ്നേഹം നിറയുന്ന എല്ലാ മനസ്സുകളും ഈ ഉയർത്തെഴുന്നേൽപ്പിൽ പങ്കാളികൾ ആകേണ്ടത് അനിവാര്യമാണ്.



തൂലിക

## ഗവ: ഹയർ സെക്കൻഡറി സ്കൂൾ ശൂരനാട്



അനാമിക.
V. B

## പാമ്പും തവളയും


പണ്ട് താമരകൾ നിറഞ്ഞുനിൽക്കുന്ന ഒരു മനോഹരമായ തടാകം ഉണ്ടായിരുന്നു. ആ തടാകത്തിൽ നിറയെതവളകൾ താമസിച്ചിരുന്നു. അവർക്ക് ഒരു രാജാവുണ്ടായിരുന്നു. ആ തവള രാജാവിനെ പേരാണ് കോവളൻ. ആ തടാകകരയുടെ അടുത്ത ഒരു മരത്തിൽ ഒരു സൂത്രശാലിയായ പാമ്പ് ഉണ്ടായിരുന്നു. അവൻ ആ മരത്തിൻെറ പൊത്തിൽ ഇരുന്ന് തവളകളെ എപ്പോഴും നോക്കി കൊണ്ടിരുന്നു. നോക്കിയിരുന്നിട്ട് എന്തുകാര്യം? പാവം പാമ്പിൻ ഉണ്ടോ തവളകളെ പിടിക്കാൻ കഴിയുന്നു? അങ്ങനെയിരിക്കെ തവളകളെ പിടിക്കാൻ അവൻ ഒരു സൂത്രം കണ്ടുപിടിച്ചു. അടുത്ത ദിവസം അവൻ പതിയെ ഇഴഞ്ഞിഴഞ്ഞ് തടാകത്തിന് അടുത്തേക്ക് പോയി. പാമ്പിനെ കണ്ടയുടൻ തവളകൾ പേടിച്ചോടുവാൻ തുടങ്ങി. എന്നാൽ ധീരനായ കോവളൻ

പാമ്പിൻെറ അടുത്തുചെന്ന് കാര്യം അന്വേഷിച്ചു. അപ്പോൾ പാമ്പ് പറഞ്ഞു. അല്ലയോ സുഹൃത്തേ ഞാൻ ഒരു സഹായത്തിന് വന്നതാണ്. പണ്ട് ഞാനൊരു ബ്രാഹ്മണൻെറ മകനെയും കടിച്ചുകൊന്നു. അതിൽ ക്ഷുഭിതനായ

ആ അച്ഛൻ നീ ഇരപിടിക്കാൻ കഴിയാതെ അവശനായി തീരട്ടെ എന്ന് ശപിച്ചു. അതിനാൽ ശാപമോക്ഷത്തിനായി അദ്ദേഹം അന്ന് പറഞ്ഞു നീ ഇരകളായി തിന്നുന്ന തവളകളെ തലയിൽ ചുമന്ന് നടക്കണമെന്ന്.

അപ്പോൾ തവള രാജാവ് സഹതപിച്ചു. ഓരോ തവളകളെയും ചുമന്നോരോ ദിവസവും കുളത്തിൽ കൊണ്ടു വിടണം. അങ്ങനെ അവസാന തവളയെയും കൊണ്ടുവിട്ടു.

അവസാനം കോവളൻ്റെ ഊഴം ആയി. കോവളൻ ചോദിച്ചു എല്ലാവർക്കും സുഖമാണോ. ആ പാമ്പ് എല്ലാ തവളകളെയും തിന്നു കഴിഞ്ഞിരുന്നു . ആ രാജാവിനെയും ആ പാമ്പ് തിന്നു. കർണ്ണൻ അങ്ങനെ അടുത്ത തടാകത്തിലേക്ക്തവളകളെ തേടി ആ പാമ്പ് യാത്രയായി. ഈ കഥയിൽ നിന്നും പഠിക്കുന്നത്... ശത്രുക്കളുടെ വാക്കുകൾ വിശ്വസിക്കരുത്.



ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



ദീപ

VIII. A

## പ്രകൃതി തന്ന പാഠം

പ്രതിഫലമായി ഒന്നും ഒന്നും
പ്രതീക്ഷിക്കാതെ അല്ലയോ
പ്രഭാത സൂര്യൻ നമുക്ക് ദിവ്യജ്യോതി
ഏകിടുന്നു നിത്യം
മന്ദമാരുതൻ ഒഴുകിയെത്തി സ്വാന്തനം
പകർന്നിടുന്നത്
ഒന്നുമേ തിരിച്ചുകിട്ടുമെന്ന് നിനക്കാതെ
അല്ലയോ
മാമരങ്ങൾ,പൂനിലാവായ്, പാരാവാരം
എല്ലാമേ
മാനവ നന്മയ്ക്കായി എന്നും പാടുമ്പോഴും
തെല്ലുമേ വിഷമം ഉള്ളിൽ തോന്നാതെ
സന്തോഷത്തോടെ



മാനവ നന്മയ്ക്കായി അത്യന്തം ചെയ്തിടേണമെല്ലും
വേണ്ടതല്ലയോ കൂട്ടുകാരേ! ഞാനുള്ള
നന്മകൾക്ക്
വിവേകം ഓടെ വാഴനായി ജന്മം നൽകി
ഈശ്വരൻ.

തൂലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ ഉളിയനാട്



Nafia Nazer
VIII. E

**It quiz**

***Which is an impact printer ?**

**ans : Daisy Wheel Printer.**

***Which mouse click is used to select item ?**

**ans : Left click .**

***What is the full form of SMPS ?**

**ans : Switch Mode Power Supply .**

***What do you call a portable computer ?**

**ans : Laptop .**

***What do you use to connect the computer ?**

**ans : Modem .**

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്



ജിയ.എസ്
VII. ബി

## സോഫി എന്ന പെൺകുട്ടി

മഹോദയം എന്ന ഗ്രാമത്തിൽ രാമു എന്ന നെയ്ത്തുകാരൻ ഉണ്ടായിരുന്നു. ആ ഗ്രാമത്തിലേക്ക് വേണ്ടുന്ന വസ്ത്രങ്ങളെല്ലാം ചെയ്യുന്നത് രാമു ആയിരുന്നു അദ്ദേഹത്തിന് രണ്ടു പെൺകുട്ടികൾ ഉണ്ടായിരുന്നു വെളുത്ത് അതിസുന്ദരിയായിരുന്നു മൂത്തമകൾ സിസിലി എന്നാൽ കറുത്ത കാണാൻ ഭംഗി ഇല്ലാത്തവൾ ആയിരുന്നു എ ഇളയവളായ സോഫിയ വീടിനോട് ചേർന്ന് നെയ്ത്തുശാല ആയിരുന്നു രാമ വസ്ത്രങ്ങൾ നെയ്യുന്നത് മൂത്തമകളായ സിസിലിയെ ആയിരുന്നു രാമുവിന് കൂടുതലിഷ്ടം .

അവൾക്ക് വേണ്ടതെല്ലാം രാമു വാങ്ങി കൊടുക്കമായിരുന്നു എന്നാൽ സിലിക്ക വല്യത് അവളുടെ സൗന്ദര്യമായിരുന്നു പക്ഷേ സോഫിയെ കാണുമ്പോഴെല്ലാം രാമു കുറ്റപ്പെടുത്തുകയും ജോലികളെല്ലാം ചെയ്യുമായിരുന്നു എങ്കിലും സോഫിയ അവളുടെ അച്ഛനോട് വളരെയധികം സ്നേഹമാണ് അങ്ങനെയിരിക്കെ ഒരു ദിവസം നെയ്ത്തുശാലയിലെ ജോലി തീർത്തു രാമു വീട്ടിൽ കിടന്ന് വിശ്രമിക്കുകയായിരുന്നു.

വീട്ടിൽ അസമയത്ത് സിസിലിയും സോഫിയും നിന്ന്കളിക്കുകയായിരുന്നു അപ്പോഴാണ് വീടിന് തീപിടിക്കുന്നത് സോഫിയുടെ ശ്രദ്ധയിൽ ഇത് പെട്ടത്.

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

വീട്ടിനുള്ളിൽ അച്ഛൻ കിടന്നുറങ്ങുന്ന കാര്യം അവൾ ഓർത്തു അവൾ നിലവിളിച്ചുകൊണ്ട് അച്ഛനെ രക്ഷിക്കാനായി കത്തുന്ന വീട്ടിനുള്ളിലേക്ക് പാഞ്ഞുകയറി എന്നാൽ സിസിലി ആകട്ടെ തീയും പുകയും ഏറ്റ് തൻ്റെ സൗന്ദര്യം നഷ്ടപ്പെടുമെന്ന വിചാരിച്ച് മാറിനിന്നു സോഫിയുടെ നിലവിളികേട്ട് ഗ്രാമവാസികൾ വെള്ളം ഒഴിച്ച് തീ അണച്ചു കൊണ്ടെയിരുന്നു അപ്പോഴേക്കും സോഫിയാ വീട്ടിനുള്ളിൽ നിന്ന് അച്ഛനെ രക്ഷിച്ച് പുറത്തുകൊണ്ടുവന്നു ഗ്രാമവാസികൾ എല്ലാം സോഫിയയുടെ ധൈര്യത്തെയും നല്ല മനസ്സിനെയും അഭിനന്ദിച്ചു അപ്പോഴാണ് രാമുവിനെ തൻ്റെ തെറ്റ് മനസ്സിലാക്കിയത് അയാൾ സോഫിയെ ഓടിവന്ന് കെട്ടിപ്പിടിച്ചു കരഞ്ഞു ഒരു വേർതിരിവും കാണിച്ചില്ല രണ്ടുപേരെയും സ്നേഹിച്ചു ലാളിച്ചും വളർത്തി



തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്



ചന്ദന അനിൽ

VII. C

## അറിവിൻെറ പട്ടങ്ങൾ

വിജ്ഞാന ലോകത്തിൽ പൊതുവിവരങ്ങൾ
അക്ഷയഖനിയാം കമ്പ്യൂട്ടർ വിദ്യയിൽ
അറിവിൻെറ ചെപ്പുകൾ നാടിൻ പ്രതീക്ഷയാം
കരുന്നുകൾക്കേകിയ ലിറ്റിൽ കൈറ്റ്സിനോട് എന്നും
നമോവാകം
ഞങ്ങൾ തൻ അറിവുകൾ നീല വിഹായസ്സിൽ
പട്ടം പോലെ പാറി പറക്കുവാൻ
പാഠഭാഗങ്ങൾ ഒക്കെയും ദൃശ്യങ്ങൾആക്കി
പഠനം വിരൽത്തുമ്പിൽ ആക്കിയ വിജ്ഞാനമേ
നമിക്കട്ടെ നിൻ വിസ്മയ ചെപ്പിൻ മുന്നിൽ
ഏറെ ശ്രമകരം, മൂല്യവും വേണ്ടതാം
കമ്പ്യൂട്ടറാദി വിജ്ഞാനവിഭവങ്ങൾ
സ്മാർട്ട് ഉം ആക്കി ഞങ്ങൾക്കൊരുക്കിയ
നാടിനും ഗുരുക്കൾക്കുംഒരായിരം സ്നേഹ
പൂച്ചെണ്ടുകൾ

തലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

## വരയിലെ വിസ്മയങ്ങളിലൂടെ.....





മൊലക്ക്.ജോസഫ്
IX. C





മഹിതൻ
IX. A

തൂലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കുന്നോട്









സാന്ദ്ര.
*IX. E*

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്





സയന.എസ്

VIII. F





തൂലിക

# ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്





**ആദ്യരാമൻ.ആർ**
***VIII. C***




**ചുലിക**

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കുന്നോട്



അമൃതാ ഹരി
IX. A





ഗൗരികൃഷ്ണ
VIII. C



തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

## നമ്മുടെ വിദ്യാലയത്തിൻെറ
## അഭിമാന നക്ഷത്രങ്ങൾ



അപർണ്ണ.വി.ആർ
X. D
ചമ്പു പ്രഭാഷണം
സംസ്ഥാന തലം
എ ഗ്രേഡ്



ശാസ്ത്ര രംഗം
സംസ്ഥാന തലത്തിലേക്ക്
തിരഞ്ഞെടുക്കപ്പെട്ട
അർജുൻ.വി
IX A

ജ്വലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

## ശാസ്ത്രമേള വിജയികൾ



ശ്രീലക്ഷ്മി
*IX. C*



അർച്ചന
*IX. C*



ഗിരിധർ
*VIII. D*



അജ്മൽഖാൻ
*VIII. D*

തൂലിക

## ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

### ഗണിത ശാസ്ത്രമേള
### വിജയികൾ



**കൃഷ്ണ**
**IX. A**



**ആര്യ**
**IX. B**



**അരവിന്ദ്**
**IX. C**



**വിഷ്ണു**
**X. E**



**ഹരിനന്ദ്**
**X. E**



**സഫീർ**
**X. D**

തൂലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

### പ്രവൃത്തി പരിചയ മേള

### വിജയികൾ



അർജ്ജുൻ.വി

*IX. A*



അശ്വതി.ചന്ദ്രൻ

*IX. A*

### I. T മേള വിജയികൾ



അഭിഷേക്.എസ്.ബി

*IX. E*



പവിൻ.എ

*X. D*

തുലിക

ഗവ: ഹയർ സെക്കൻഡറി സ്കൂൾ ശൂരനാട്

# ശാസ്ത്ര നാടകത്തിൽ ജില്ലാതലത്തിൽ മികവ് തെളിയിച്ച ടീം



ഉലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

# യുവജനോത്സവ വിജയികൾ

## ലളിത ഗാനം



ആദിത്യൻ.വി.കെ

*IX. C*

## വയലിൻ



അഞ്ജു .അജി

*VIII. F*



മുഹമ്മദ് നാസിം

*X. D*

## അറബി കലോത്സവം

പദ്യം ചൊല്ലൽ

അറബി ഗാനം

ഖുർ-ആൻ പാരായണം

ജ്വലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

# യുവജനോത്സവത്തിൽ ജില്ലാതലത്തിൽ പങ്കെടുത്ത് മികവ് തെളിയിച്ച നാടക ടീം



തൂലിക

# ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

## യുവജനോത്സവത്തിൽ മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ടു



കൃഷ്ണ .എസ്.ജി

IX. A

## യുവജനോത്സവത്തിൽ മികച്ച നടനായി തിരഞ്ഞെടുക്കപ്പെട്ടു



ഗിരിധർ.ബി

VIII. D

ഇലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

## യുവജനോത്സവത്തിൽ ജില്ലാതലത്തിൽ
## മികവ് തെളിയിച്ച കോൽക്കളി ടീം



തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

# യുവജനോത്സവത്തിൽ ജില്ലാതലത്തിൽ മികവ് തെളിയിച്ച ചെണ്ടമേളം ടീം



തൂലിക

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കുരനാട്

### സാമൂഹ്യ ശാസ്ത്ര മേള വിജയി



**പ്രാദേശിക ചരിത്ര രചന**

**കാവ്യശ്രീ**

***IX. A***

### വായന മത്സരം



**ജില്ലാ തല വിജയി**

**അതുൽ.പി.എസ്**

**X. E**

തൂലിക

# ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ക്രൂരനോട്

**അറബിക് പദ്യം ചൊല്ലൽ**



ഹൂദ ഫാത്തിമ

V. B

**ഇംഗ്ലീഷ് പ്രസംഗം**



ചന്ദന അനിൽ

VII. C

**ലളിത ഗാനം**



ഹന്ന

V. D

**പദ്യം ചൊല്ലൽ തമിഴ്**



അശ്വിനി

VI. D

തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

ഗണിത ശാസ്ത്രമേള(യു.പി)



അമൽ ഖാൻ
VI. B



ഹന്ന .എൻ
VII. C

IT മേള(യു.പി)



ശ്രീഹരി.എസ് പിള്ള
VII. B

തൂലിക

\



ഗവ: ഹയർ സെക്കണ്ടറി സ്കൂൾ
സാമൂഹ്യ ശാസ്ത്ര മേള(യു.പി)
VII. D
VII. C
പ്രവൃത്തി പരിചയ മേള (യു.പി)
VII

## ഗവ: ഹയർ സെക്കൻഡറി സ്കൂൾ ശൂരനാട്

### ന്യൂ മാത്സ് വിജയികൾ



**അമർ ഖാൻ**

**VI. B**



**ബിജില .എസ്. ബിജു**

**VI. C**

### മാത്സ് ടാലൻഡ് സെർച്ച് പരീക്ഷ വിജയി



**അഭുജ് .ആർ. കൃഷ്ണൻ**

**VII. B**

ഗവ: ഹയർ സെക്കന്ററി സ്കൂൾ കുരനാട്

## യു.എസ്.എസ്. വിജയികൾ



ഗോപിക
VIII. E



ദേവിക
VIII. D



അൻഷിൻ
VIII. E



ഹന്ന
VIII. E

തുലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ ശൂരനാട്

## എൻ.എം.എം.എസ് വിജയി



ആദർശ്.കെ.നായർ

*IX. E*

## സോഷ്യൽ സയൻസ് ടാലന്റ് സെർച്ച്,ഗണിത ക്വിസ് വിജയി



അഭിനി.എസ്

*VIII. C*

തൂലിക

# ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

## സംസ്കൃത സ്കോളർഷിപ്പ്(യു.പി)



അനശ്രീ
V. B



ദ്രുതുഷ
V. B



അനന്യ
VI. A



സനിഷ
VI. B



ദേവനന്ദ
VII. B



അഭിജ്
VII. B

തൂലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ശൂരനാട്

## സംസ്കൃത സ്കോളർഷിപ്പ് വിജയികൾ(എച്ച്.എസ്)





അപർണ്ണ.വി.ആർ ഗൗരിനന്ദന കൃഷ്ണ





കാവ്യശ്രീ ദേവിക അഖില

ജ്വലിക

ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കുരനാട്

## സ്പോട്സ് വിജയികൾ



**അജോ.ബാബു**

*VIII. F*



**അൽ റയ്യാൻ ഖാൻ**

*VIII. D*

തൂലിക

ഗവ: ഹയർ സെക്കന്ററി സ്കൂൾ ക്ലൂരനാട്

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻറെ ഈ സംരംഭത്തിൽ ഞങ്ങളോടൊപ്പം നിന്ന് എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ ബഹുമാനപ്പെട്ട എച്ച് . എം, അധ്യാപകർ , ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, മറ്റ് വിദ്യാർത്ഥികൾ ഏവർക്കും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻറെ പേരിലുള്ള നന്ദി അറിയിക്കട്ടെ .......

നന്ദി ...............

ശുലിക